# വിദ്യാജ്യോതി

## (2019- 2020)

## സാമൂഹ്യശാസ്ത്രം

(പഠന-ബോധന സഹായി)

## ക്ലാസ് X

ജില്ല വിദ്യാഭ്യാസ പരിശീലനകേന്ദ്രം (ഡയറ്റ്)
തിരുവനന്തപുരം

# വിദ്യാജ്യോതി

**സാമൂഹ്യശാസ്ത്രം**
(പഠന- ബോധന സഹായി)

ആദ്യപ്രതി
**ഡിസംബർ 2016**

നാലാംപ്രതി
**നവംബർ 2019**

ലേഔട്ട് & കവർ ഡിസൈൻ
**കല്ലിംഗൽ ഗ്രാഫിക്സ്, ആറ്റിങ്ങൽ**

ആശയവും ആവിഷ്കാരവും
**തിരുവനന്തപുരം ജില്ല പഞ്ചായത്ത്**

ഭരണപരമായ ചുമതല
**സി.മനോജ്കുമാർ,വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം**

അക്കാദമിക ചുമതല
**ടി.വി.ഗോപകുമാർ, പ്രിൻസിപ്പൽ, ഡയറ്റ്, തിരുവനന്തപുരം**

ഏകോപനം
**ഡോ.വി.സുലഭ, സീനിയർ ലക്ചറർ, ഡയറ്റ്**

വിഷയചുമതല
**എസ്.എൽ.ഷൈജു, ലക്ചറർ, ഡയറ്റ്**

പ്രിന്റിങ്
**ഗവ. പ്രസ്, തിരുവനന്തപുരം**

## സന്ദേശം

പ്രിയപ്പെട്ട കുട്ടികളേ

വിദ്യാഭ്യാസരംഗത്ത് നിരവധി മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞ നാടാണ് കേരളം. വിദ്യാലയ മികവിനൊപ്പം അക്കാദമികമികവും കൈവരിക്കാൻ കഴിഞ്ഞതാണ് നമ്മുടെ വിദ്യാഭ്യാസ നേട്ടങ്ങൾക്ക് അടിസ്ഥാനമായത്. വിദ്യാലയ വികസനത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജനകീയസമിതികളും വലിയ പിന്തുണയാണ് നൽകുന്നത്. കേരളഗവൺമെന്റും പൊതുവിദ്യാഭ്യാസവകുപ്പും നടത്തുന്ന അർഥപൂർണമായ ഇടപെടലുകൾ ഈ രംഗത്ത് നിർണായകമാവുകയും ചെയ്തു. പഠനത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ അധ്യാപകർ വഹിച്ച പങ്കും ചെറുതല്ല. വിവരവിനിമയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് വിവരശേഖരണവും സ്വാംശീകരണവും നടത്താൻ അവസരമുണ്ടായതും പഠനത്തെ ശക്തിപ്പെടുത്തുവാൻ സഹായകമായി. വളരെ നിർണായകമായൊരു പരീക്ഷയ്ക്കുള്ള തയാറെടുപ്പിലാണ് നിങ്ങളെല്ലാവരും. ആത്മവിശ്വാസത്തോടെ പരീക്ഷയെ സമീപിക്കുവാനും ഉയർന്ന വിജയം നേടുവാനും ചിട്ടയായ പഠനം ആവശ്യമുണ്ട്. ഇനി അതിനുള്ള നാളുകളാണ്. നിങ്ങളെ സഹായിക്കുവാൻ എല്ലാവരും ഒപ്പമുണ്ട്. ജില്ല പഞ്ചായത്ത് ഡയറ്റിന്റെ സഹായത്തോടെ തയാറാക്കിയ വിദ്യാജ്യോതിയെന്ന ഈ പഠനസാമഗ്രി ഉയർന്ന വിജയം നിങ്ങൾക്ക് ഉറപ്പുവരുത്തുവാൻ വലിയ മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. പരിഷ്ക്കരിച്ച പാഠഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ പുസ്തകമാണ് നിങ്ങളുടെ കൈയിലെത്തുന്നത്. ഇതിനെ പരമാവധി പ്രയോജനപ്പെടുത്തുക. ഏവർക്കും ഉയർന്ന വിജയം ആശംസിക്കുന്നു.

സ്നേഹത്തോടെ,

***വി.കെ. മധു***

പ്രസിഡന്റ്, ജില്ല പഞ്ചായത്ത്, തിരുവനന്തപുരം

---

പ്രിയപ്പെട്ട കുട്ടികളേ

സ്കൂൾ വിദ്യാഭ്യാസരംഗത്ത് ഇൻഡ്യയിൽ ഒന്നാം സ്ഥാനത്താണ് കേരളമെന്ന നീതി ആയോഗിന്റെ റിപ്പോർട്ട് വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വലിയ ആവേശമാണ് നൽകുന്നത്. മതേതര ജനാധിപത്യ സങ്കൽപങ്ങളിലൂന്നിയുള്ള കാഴ്ചപ്പാടും പ്രവർത്തനങ്ങളുമാണ് ഈ നേട്ടത്തിലെത്താൻ നമ്മെ സഹായിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അനുകരണീയമായ മറ്റൊരു കേരളമാതൃകയാണ്. ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ തയാറാക്കിയ പുതിയ ദേശീയ വിദ്യാഭ്യാസനയത്തിൽ നിർദേശിക്കുന്ന നിരവധി പ്രവർത്തനങ്ങൾ കേരളം വളരെ മുൻപുതന്നെ നടപ്പാക്കിയവയാണ്. പല വികസിതരാജ്യങ്ങളിലെയും വിദ്യാഭ്യാസനിലവാരത്തോടൊപ്പം നമുക്ക് എത്തിച്ചേരാനായത് കേരളീയസമൂഹത്തിന്റെ ഇച്ഛാശക്തിയാണ് പ്രകടമാക്കുന്നത്. ഗവേഷണതല്പരരായ അധ്യാപകർ നിർദേശിച്ച വഴികളിലൂടെ സഞ്ചരിച്ചും സ്വയം പഠനത്തിലൂടെയും ഏറെ മുന്നേറുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇനി പൊതുപരീക്ഷയ്ക്കു വേണ്ടിയുള്ള തയാറെടുപ്പിന്റെ നാളുകളാണ്. പരീക്ഷയെക്കുറിച്ചോർത്ത് ഭയപ്പെടേണ്ടതില്ല. നിങ്ങൾ നേടിയ അറിവും കഴിവും പ്രയോഗിക്കുന്ന ഒരു സന്ദർഭമായി മാത്രം പരീക്ഷയെ കണ്ടാൽ മതി. അപ്പോഴും ചില തയാറെടുപ്പുകൾ നടത്താൻ മറക്കരുത്. ജില്ല പഞ്ചായത്തും തിരുവനന്തപുരം ഡയറ്റും ചേർന്ന് തയാറാക്കിയ വിദ്യാജ്യോതി പഠനസാമഗ്രി നിങ്ങൾക്ക് നല്ലൊരു വഴികാട്ടിയാണ്. ഇത് പരമാവധി പ്രയോജനപ്പെടുത്തുക.

***സി.മനോജ്കുമാർ***
വിദ്യാഭ്യാസ ഉപഡയറക്ടർ,
തിരുവനന്തപുരം

***ടി.വി.ഗോപകുമാർ***
പ്രിൻസിപ്പൽ,
ഡയറ്റ്, തിരുവനന്തപുരം

# ശില്പശാലയിൽ പങ്കെടുത്തവർ

| | | |
|---|---|---|
| 1. | അജയകുമാർ. ബി | ഗവ.ബോയിസ് എച്ച്.എസ്,എസ്., തൈക്കാട്, തിരുവനന്തപുരം |
| 2. | ഷൈജു. എസ്.എൽ | ഗവ: ഗേൾസ് എച്ച്.എസ്.എസ്, ആറ്റിങ്ങൽ |
| 3. | സുദർശനനൻ. എൽ.എസ് : | ഗവ: ജി.എച്ച്.എസ്.എസ്., കന്യാകുളങ്ങര |
| 4. | മനോജ്. ജി | ഗവ: എച്ച്.എസ്.എസ്, വെഞ്ഞാറമൂട് |
| 5. | അജയകുമാർ. കെ | ഡി.ബി. എച്ച്.എസ്, വാമനപുരം |
| 6. | അനീഷ്. വി | ഗവ.എച്ച്.എസ്.എസ് അയിരൂപ്പാറ |
| 7. | അനിൽകുമാർ. ജെ | ഗവ:എച്ച്.എസ്.എസ്, മാരായമുട്ടം |
| 8. | രതീഷ്കുമാർ. വി | ഗവ: ഗേൾസ് എച്ച്.എസ്.എസ്, മിത്ര്യമ്മല |
| 9. | സുനിതനായർ. ആർ | ഗവ: ഗേൾസ് വി & എച്ച്.എസ്.എസ്., മണക്കാട്, തിരുവനന്തപുരം |
| 10. | മുഹമ്മദ് ഇക്ബാൽ. എ | ഗവ: ഗേൾസ് വി & എച്ച്.എസ്.എസ്., മണക്കാട്, തിരുവനന്തപുരം |
| 11. | ഷൗജാമോൻ | പ്രേംനസീർ മെമ്മോറിയൽ എച്ച്.എസ്.എസ്. കൂന്തള്ളൂർ, ചിറയിൻകീഴ് |
| 12. | മാർഗരറ്റ് ലിനി.വി.പി | ഗവ.വി.എച്ച്.എസ്.എസ്. വെള്ളനാട് |
| 13. | ലീന.പി.എസ് | എസ്.എൻഎച്ച്.എസ്.എസ്. ഉഴമലയ്ക്കൽ |
| 14. | സജിഎം.എസ് | ന്യൂ എച്ച്.എസ്.എസ്. നെല്ലിമൂട് |
| 15. | ആർ. പരമേശ്വരൻ നായർ | അസ്സോസിയേറ്റ് പ്രൊഫസർ (റിട്ട) ചരിത്രം, എൻ.എസ്.എസ് കോളജ്, നിലമേൽ |
| 16. | എ. ബാലകൃഷ്ണൻ | അസിസ്റ്റന്റ് പ്രൊഫസർ (ചരിത്രം), യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം |
| 17. | ഡോ.റ്റി.ആർ ഷീജകുമാരി | സീനിയർ ലക്ചറർ, ഡയറ്റ്, തിരുവനന്തപുരം |
| 18. | ഡോ.എസ്.സുലൈമാൻ | സീനിയർ ലക്ചറർ, ഡയറ്റ്, തിരുവനന്തപുരം |

# ആമുഖം

പ്രിയമുള്ളവരേ

വിദ്യാഭ്യാസരംഗത്ത് കേരളത്തിനുണ്ടായ മുന്നേറ്റത്തിനു കാരണം ലോകസാഹചര്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതിയിലും പ്രവർത്തനങ്ങളിലും സമീപനരീതിയിലും വരുത്തിയ മാറ്റങ്ങളാണ്. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായിക്കണ്ട് പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണമെന്ന ചിന്തയും പഠനത്തിന് ഒരു സാമൂഹികസാഹചര്യമുണ്ടെന്ന തിരിച്ചറിവും ഇതിനുദാഹരണങ്ങളായി കാണാം. അതുപോലെ സംസ്കാരത്തെ സംബന്ധിച്ച പുതിയ സമീപനരീതിയിലും മനുഷ്യപക്ഷമാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. ക്ലാസിലെ ഓരോ കുട്ടിയുടെയും സാംസ്കാരികപശ്ചാത്തലത്തെ വിലമതിക്കാനും ഏതൊരു വ്യക്തിയുടെയും സംസ്കാരം ഉദാത്തമാണെന്ന കാഴ്ചപ്പാടും വളർച്ചയുടെ പടവുകളായി വിലയിരുത്തപ്പെടുന്നു. അങ്ങനെ ഓരോരുത്തരുടെയും സാംസ്കാരികവൈവിധ്യത്തെക്കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ശരിയായ സമീപനമാണ് നാമിപ്പോൾ സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസഗുണനിലവാരത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ പൊളിച്ച് ശരിയായ പൗരബോധമുള്ള തലമുറയെ രൂപപ്പെടുത്താനുള്ള നിരന്തരശ്രമവും ഇപ്പോൾ നടക്കുന്നുണ്ട്. ഇതിന് സഹായകമാകുന്ന നിരവധി അനുകരണീയ മാതൃകകളാണ് തിരുവനന്തപുരം ജില്ല പഞ്ചായത്ത് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നത്. പത്താം ക്ലാസിലെ കുട്ടികളുടെ വിജയശതമാനം വർധിപ്പിക്കുന്നതിനും ആത്മവിശ്വാസത്തോടെ പരീക്ഷയെ സമീപിക്കുന്നതിനുമായി ആറ് വിഷയങ്ങളിൽ തയാറാക്കുന്ന വിദ്യാജ്യോതി പഠനസാമഗ്രി ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. ഇതിനു പിന്നിൽ നിരവധി പേരുടെ അധ്വാനമുണ്ട്. ഇതിന് ആവശ്യമായ നിർദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട ജില്ല പഞ്ചായത്ത് പ്രസിഡന്റ് വി.കെ.മധു, ജില്ല പഞ്ചായത്ത് അംഗങ്ങൾ, ജില്ല പഞ്ചായത്ത് സെക്രട്ടറി, സ്റ്റാൻഡിങ് കമ്മിറ്റി ഉദ്യോഗസ്ഥർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. ഒപ്പം തിരുവനന്തപുരം ഡയറ്റ് പ്രിൻസിപ്പൽ, ഫാക്കൽട്ടിയംഗങ്ങൾ, വിദ്യാഭ്യാസഉപഡയറക്ടർ, പ്രഥമാധ്യാപകർ, അധ്യാപകർ, അധ്യാപക സംഘടനകൾ, പി.ടി.എ/എസ്.എം.സി അംഗങ്ങൾ എന്നിവരുടെ സഹകരണത്തിനുള്ള നന്ദിയും അറിയിക്കുന്നു.

സ്നേഹപൂർവം,

**വി. രഞ്ജിത്**

*ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ*

*ജില്ല പഞ്ചായത്ത്, തിരുവനന്തപുരം*

# ഉള്ളടക്കം

## സാമൂഹ്യശാസ്ത്രം I


1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ ........ 7
2. ലോകം ഇരുപതാം നൂറ്റാണ്ടിൽ ........ 21
3. പൊതുഭരണം ........ 39
4. ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പുകളും ........ 45
5. സംസ്കാരവും ദേശീയതയും ........ 54
6. സമരവും സ്വാതന്ത്ര്യവും ........ 60
7. സ്വാതന്ത്ര്യാനന്തര ഇന്ത്യ ........ 68
8. കേരളം ആധുനികതയിലേയ്ക്ക് ........ 76
9. രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും ........ 86
10. പൗരബോധം ........ 92
11. സമൂഹശാസ്ത്രം : എന്ത്? എന്തിന്? ........ 98


## സാമൂഹ്യശാസ്ത്രം II


1. ഋതുഭേദങ്ങളും സമയവും ........ 103
2. കാറ്റിന്റെ ഉറവിടം തേടി ........ 110
3. മാനവവിഭവശേഷി വികസനം ഇന്ത്യയിൽ ........ 122
4. ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ ........ 130
5. പൊതു ചെലവും പൊതു വരുമാനവും ........ 140
6. ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും ........ 149
7. വൈവിധ്യങ്ങളുടെ ഇന്ത്യ ........ 157
8. ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം ........ 170
9. ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും ........ 183
10. ഉപഭോക്താവ്: സംതൃപ്തിയും സംരക്ഷണവും ........ 193

വിലയിരുത്തൽ ചോദ്യങ്ങൾ ........ 202



യൂണിറ്റ്
1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

ആധുനിക മനുഷ്യന്റെ ജീവിതത്തിന് അനിവാര്യമായ ആശയങ്ങളായ സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം, മതേതരത്വം, ദേശീയത എന്നിവ രൂപപ്പെട്ടത് വിവിധ വൻകരകളിലായി നടന്ന സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയുമായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇത്തരം വിപ്ലവങ്ങളുടെ രാഷ്ട്രീയ, സാമൂഹ്യ പരിസ്ഥിതികളും അനന്തര ഫലങ്ങളുമാണ് ഈ യൂണിറ്റ് വിശകലനം ചെയ്യുന്നത്.

## പഠനനേട്ടം

ലോകത്തിലെ വിവിധ വിപ്ലവങ്ങളുടെ പശ്ചാത്തലം തിരിച്ചറിയുന്നു.

## പ്രവർത്തനം

മെർക്കന്റലിസ്റ്റ് നിയമങ്ങൾ അമേരിക്കൻ കോളനിയിലെ ജനങ്ങളെ മാതൃരാജ്യത്തിനെതിരെ തിരിയാൻ പ്രേരിപ്പിച്ചു. മെർക്കന്റലിസ്റ്റ് നിയമത്തിലെ വ്യവസ്ഥകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കാം.

**മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

- കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.
- കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിക്കണം.
- കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം.

### ഒറ്റനോട്ടത്തിൽ

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ കോളനികളുടെ താത്പര്യങ്ങൾക്കെതിരായിരുന്നു.
- ഈ നിയമങ്ങളിലൂടെ ബ്രിട്ടൻ അമേരിക്കൻ കോളനിയിലെ ജനങ്ങളെ ചൂഷണം ചെയ്തു.
- മെർക്കന്റലിസ്റ്റ് നിയമങ്ങൾ അമേരിക്കൻ കോളനിയിലെ ജനങ്ങളെ ബ്രിട്ടനെതിരെ തിരിയാൻ പ്രേരിപ്പിച്ചു.

### എഴുതാം വിലയിരുത്താം

- ❖ 'തേയില, ഗ്ലാസ്സ്, പേപ്പർ മുതലായവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം' ഇത് മെർക്കന്റലിസ്റ്റ് നിയമങ്ങളിൽ ഒന്നായിരുന്നു. മറ്റുള്ളവ എഴുതുക.
- ❖ മെർക്കന്റലിസ്റ്റ് നിയമങ്ങൾ അമേരിക്കൻ കോളനികളെ എങ്ങനെ ബാധിച്ചുവെന്ന് അതിലെ വ്യവസ്ഥകൾ വിലയിരുത്തി കുറിപ്പെഴുതുക.

### പ്രവർത്തനം

അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു ഫ്ളോ ചാർട്ട് തയ്യാറാക്കാം.

**ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്**

↓

[ ]

↓

[ ]

↓

[ ]

↓

[ ]

↓

**അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണം**

- ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം
- ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധം
- രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സ്
- സ്വാതന്ത്ര്യ പ്രഖ്യാപനം
- പാരീസ് ഉടമ്പടി പ്രകാരം കോളനികളുടെ സ്വാതന്ത്ര്യം

### എഴുതാം വിലയിരുത്താം

ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സ് മുതൽ അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണം വരെയുള്ള പ്രധാന സംഭവങ്ങൾ കാലഗണനക്കനുസരിച്ച് ക്രമീകരിക്കുക.

## പ്രവർത്തനം

അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോക ചരിത്രത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്ന് ചർച്ച ചെയ്ത് കുറിപ്പ് എഴുതാം.

- പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും ദിശാബോധവും പ്രചോദനവും നൽകി.
-
-
-

## ഒറ്റനോട്ടത്തിൽ


- റിപ്പബ്ളിക്കൻ ഗവൺമെന്റ് എന്ന ആശയം മുന്നോട്ടു വച്ചു.
- എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
- ഫെഡറൽ സമ്പ്രദായം എന്ന ആശയം സംഭാവന ചെയ്തു.

## എഴുതാം വിലയിരുത്താം

- ലോകത്താകെ നടന്ന സ്വാതന്ത്ര്യ സമരങ്ങളിലും വിപ്ലവങ്ങളിലും അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിനുള്ള സ്വാധീനം വിശദമാക്കുക.

## പ്രവർത്തനം

ഫ്രഞ്ച് സമൂഹത്തിന്റെ ഘടന വെളിപ്പെടുത്തുന്ന ചാർട്ട്



നൽകിയിട്ടുള്ള ചാർട്ട് വിശകലനം ചെയ്ത്, അന്ന് ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വം വിപ്ലവത്തിലേക്ക് നയിച്ചതെങ്ങനെ എന്ന് കുറിപ്പ് തയ്യാറാക്കാം.

### ഒറ്റനോട്ടത്തിൽ

- ഫ്രാൻസിൽ ഉയർന്ന സാമൂഹിക പദവിയും അവകാശങ്ങളും അനുഭവിച്ചിരുന്നതും ആഡംബര ജീവിതം നയിച്ചിരുന്നതും ഒന്നും രണ്ടും എസ്റ്റേറ്റുകളിൽ ഉൾപ്പെട്ട പുരോഹിതന്മാരും പ്രഭുക്കന്മാരുമായിരുന്നു. അവർ എല്ലാവിധ നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. എന്നാൽ വിശാലമായ ഭൂപ്രദേശം കൈവശം വച്ചിരുന്നു.
- മൂന്നാമത്തെ എസ്റ്റേറ്റിൽപ്പെട്ട മധ്യവർഗത്തിന് ഭരണത്തിൽ ഒരു അവകാശവുമില്ല. താഴ്ന്ന സാമൂഹിക പദവിയുള്ള ഇവർ വിവിധ തരം നികുതികൾ നൽകണമായിരുന്നു.

### എഴുതാം വിലയിരുത്താം.

- 'സാമൂഹ്യ അസമത്വമാണ് ഫ്രാൻസിനെ ഒരു വിപ്ലവത്തിലേക്ക് നയിച്ചത്'. പ്രസ്താവന സാധൂകരിക്കുക.

### പ്രവർത്തനം

ഫ്രഞ്ച് വിപ്ലവത്തിൽ ചിന്തകൻമാർക്കുള്ള സ്വാധീനം കണ്ടെത്താം.

വോൾട്ടയർ, റൂസ്സോ മോണ്ടസ്ക്യൂ എന്നിവരുടെ ആശയങ്ങളുടെ ചാർട്ട്

**വോൾട്ടയർ**



- പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.



**റൂസ്സോ**

- സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.

**മൊണ്ടസ്ക്യൂ**



- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
- ഗവൺമെന്റിനെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

### ഒറ്റനോട്ടത്തിൽ

വോൾട്ടയർ, റൂസ്സോ, മോണ്ടസ്ക്യൂ എന്നീ ചിന്തകരുടെ ആശയങ്ങൾ ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമേകി.

### എഴുതാം വിലയിരുത്താം.

'വോൾട്ടയർ, റൂസ്സോ, മോണ്ടസ്ക്യൂ തുടങ്ങിയവരുടെ ആശയങ്ങളാണ് ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമായത്.' വിശദമാക്കുക.

**പ്രവർത്തനം**

- ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം വിശകലനം ചെയ്യാം.

**ലിസ്റ്റ് പൂർത്തിയാക്കാം**

- പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു.
- ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി.

**ഒറ്റനോട്ടത്തിൽ**

- സ്വാതന്ത്ര്യം, സമത്വം, സഹോദര്യം എന്നീ ആശയങ്ങളുടെ പ്രചാരണം
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം കുറിക്കുകയും സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്കു ഭീഷണിയാകുകയും ചെയ്തു.
- രാജ്യമെന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്ന് പ്രഖ്യാപിച്ചു.
- ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി.

**എഴുതാം വിലയിരുത്താം.**

- ലോക ചരിത്രത്തിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ പ്രാധാന്യം വിശദമാക്കുക.

**പ്രവർത്തനം**

നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങളും ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്തി പട്ടിക തയ്യാറാക്കാം.

**നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങൾ**

കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.

പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.

ഗതാഗതപുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.



*നെപ്പോളിയൻ*

പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.

സാമ്പത്തികപ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.

നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി.

| ഫ്രഞ്ച് വിപ്ലവം മുന്നോട്ടു വച്ച ആശയങ്ങൾ | നെപ്പോളിയന്റെ പരിഷ്ക്കാരങ്ങളും നയങ്ങളും |
|---|---|
| ♦ മധ്യവർഗത്തിന്റെ ഉയർച്ച | ♦ |
| ♦ ഫ്യൂഡലിസത്തിന്റെ അന്ത്യം | ♦ |
| ♦ ദേശീയത | ♦ |

### ഒറ്റനോട്ടത്തിൽ

- പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി
- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി.

### എഴുതാം വിലയിരുത്താം

- ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയങ്ങൾ നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങളിൽ എത്രത്തോളം പ്രതിഫലിക്കുന്നുവെന്ന് വിശദമാക്കുക.

### പഠനനേട്ടം

ലോകത്തിലെ വിവിധ വിപ്ലവങ്ങളുടെ പശ്ചാത്തലം തിരിച്ചറിയുന്നു.

### പ്രവർത്തനം

ലോകത്തെ മാറ്റിമറിച്ച വിപ്ലവങ്ങൾക്കിടയാക്കിയ പശ്ചാത്തലമാണ് ചാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അവ ഏതേത് വിപ്ലവങ്ങളാണന്ന് തിരിച്ചറിഞ്ഞ് അവയെ അനുയോജ്യമായി പട്ടികപ്പെടുത്താം.

A. ബ്രിട്ടന്റെ കോളനിവാഴ്ചയ്ക്കെതിരെ വടക്കേ അമേരിക്കയിൽ നടന്ന വിപ്ലവം

B. സ്വേച്ഛാധിപത്യത്തിനും, ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരെ ഫ്രാൻസിലെ ജനത നടത്തിയ പോരാട്ടം

C. സ്പെയിനിന്റെയും, പോർച്ചുഗലിന്റെയും ആധിപത്യത്തിനെതിരെ നടന്ന ജനകീയ പ്രക്ഷോഭം.

D. രാജവാഴ്ചയ്ക്കും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരായി റഷ്യയിലെ സോഷ്യലിസ്റ്റ് പാർട്ടികൾ സംഘടിപ്പിച്ച പ്രക്ഷോഭം.

E. വിദേശാധിപത്യത്തിനും ഫ്യൂഡൽവ്യവസ്ഥയ്ക്കും മഞ്ചു രാജവാഴ്ചയ്ക്കും എതിരെ നടന്ന വിപ്ലവം.

### ഒറ്റനോട്ടത്തിൽ

A. അമേരിക്കൻ സ്വാതന്ത്ര്യസമരം

B. ഫ്രഞ്ച് വിപ്ലവം

C. ലാറ്റിനമേരിക്കൻ വിപ്ലവം

D. റഷ്യൻ വിപ്ലവം

E. ചൈനീസ് വിപ്ലവം

### എഴുതാം; വിലയിരുത്താം

ചുവടെ നൽകിയിട്ടുള്ള വിപ്ലവങ്ങളുടെ പ്രധാന കാരണം എന്തെന്ന് രേഖപ്പെടുത്തുക.

a. ഫ്രഞ്ച് വിപ്ലവം


b. റഷ്യൻ വിപ്ലവം

**പഠനനേട്ടം**

ലോകത്തിലെ വിവിധ വിപ്ലവങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തികളെ തിരിച്ചറിയുന്നു.

**പ്രവർത്തനം**

ലോകത്തെ മാറ്റിമറിച്ച വിപ്ലവങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തികളുടെ ചിത്രങ്ങൾ എൽ.സി.ഡി. പ്രൊജക്ടർ/ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ചിത്രം തിരിച്ചറിഞ്ഞ് അവരുമായി ബന്ധപ്പെട്ട വിപ്ലവങ്ങൾ എഴുതാം.


ജോർജ് വാഷിങ്ടൺ



സൈമൺ ബോളിവർ


വോൾട്ടയർ


ലെനിൻ


മാവോ സെ തുംഗ്


തോമസ് പെയിൻ



റൂസോ


കെരൻസ്കി


ഫ്രാൻസിസ്കോ മിരാൻഡ


സൻയാത്സെൻ


മൊണ്ടസ്ക്യൂ


കാൾ മാർക്സ്

**ഒറ്റനോട്ടത്തിൽ**

- അമേരിക്കൻ സ്വാതന്ത്ര്യസമരം : ജോർജ് വാഷിങ്ടൺ, തോമസ് പെയിൻ
- ഫ്രഞ്ച് വിപ്ലവം : വോൾട്ടയർ, റൂസോ, മൊണ്ടസ്ക്യൂ
- ലാറ്റിനമേരിക്കൻ വിപ്ലവം : സൈമൺ ബോളിവർ, ഫ്രാൻസിസ്കോ ഡി. മിരാൻഡ
- റഷ്യൻ വിപ്ലവം : ലെനിൻ, അലക്സാണ്ടർ കെരൻസ്കി, കാൾ മാർക്സ്
- ചൈനീസ് വിപ്ലവം : മാവോ സെ തുംഗ്, സൻയാത്സെൻ

### എഴുതാം; വിലയിരുത്താം

A കോളത്തിനനുയോജ്യമായി B കോളത്തിലെ വിവരങ്ങളെ ക്രമപ്പെടുത്തി എഴുതാം.

| | |
|---|---|
| ♦ ജോർജ് വാഷിങ്ടൺ | ഫ്രഞ്ചുവിപ്ലവം |
| ♦ വോൾട്ടയർ | ലാറ്റിനമേരിക്കൻ വിപ്ലവം |
| ♦ ലെനിൻ | ചൈനീസ് വിപ്ലവം |
| ♦ മാവോ സെ തുംഗ് | റഷ്യൻ വിപ്ലവം |
| ♦ സൈമൺ ബോളിവർ | അമേരിക്കൻ സ്വാതന്ത്ര്യസമരം |

### പ്രവർത്തനം

റഷ്യയിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരാനുള്ള സാഹചര്യം വിശകലനം ചെയ്ത് ഫ്ളോ ചാർട്ട് തയ്യാറാക്കാം.

**റഷ്യ ഒന്നാം ലോകയുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു**

▼

[ ]

▼

[ ]

▼

[ ]

▼

[ ]

▼

**അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വന്നു**

### ഒറ്റനോട്ടത്തിൽ

- ◆ സ്ത്രീകളുടെയും തൊഴിലാളികളുടെയും പ്രതിഷേധ പ്രകടനം
- ◆ സൈന്യം തൊഴിലാളികളോടൊപ്പം ചേർന്നു
- ◆ പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.

- സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിഞ്ഞു.

**പ്രവർത്തനം**

ചൈനയെ ജനകീയ റിപ്പബ്ലിക്കാക്കുന്നതിൽ മാവോ സെതുംഗിന്റെ പങ്ക് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കാം.

- തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്ന് മാവോയുടെ നേതൃത്വത്തിൽ ഒരു യാത്ര ആരംഭിച്ചു.
- 
- 
- 
- 1949 ഒക്ടോബർ 1 ന് മാവോയുടെ നേതൃത്വത്തിൽ ചൈന ജനകീയ റിപ്പബ്ലിക്കായി മാറി.

**ഒറ്റനോട്ടത്തിൽ**

- കൃഷിഭൂമിയും ഗ്രാമങ്ങളും പിടിച്ചെടുത്ത് കർഷകർക്ക് നൽകി
- ഏകദേശം 12,000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര "ലോങ് മാർച്ച്" എന്നറിയപ്പെടുന്നു.
- ചുവപ്പുസേന കുമിന്താങ് ഭരണകേന്ദ്രം കൈക്കലാക്കി
- ചിയാങ് കൈഷക്ക് തായ്‌വാനിൽ രാഷ്ട്രീയാഭയം തേടി.

**പഠനനേട്ടം**

വിവിധ വിപ്ലവങ്ങളുടെ അനന്തരഫലങ്ങൾ വിശകലനം ചെയ്യുന്നു.

**പ്രവർത്തനം**

ലോകത്തിന്റെ അഞ്ച് വ്യത്യസ്ത മേഖലകളിൽ നടന്ന സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുടെ ഫലങ്ങളാണ് ചുവടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഏതെല്ലാം വിപ്ലവങ്ങളാണെന്ന് എഴുതാം.

| | |
|---|---|
| A. | സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം |
| B. | 1783 ലെ പാരീസ് ഉടമ്പടി പ്രകാരം പതിമൂന്ന് കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു. |
| C. | സോവിയറ്റ് യൂണിയന്റെ രൂപീകരണം, തൊഴിലാളിവർഗഭരണം |
| D. | കൃഷിഭൂമികളും ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്നും പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു. |
| E. | 1825 ഓടെ മിക്കവാറും രാജ്യങ്ങൾ സ്വാതന്ത്ര്യം നേടി. |

## ഒറ്റനോട്ടത്തിൽ

A. ഫ്രഞ്ച് വിപ്ലവം

B. അമേരിക്കൻ സ്വാതന്ത്ര്യസമരം

C. റഷ്യൻ വിപ്ലവം

D. ചൈനീസ് വിപ്ലവം

E. ലാറ്റിനമേരിക്കൻ വിപ്ലവം

## എഴുതാം; വിലയിരുത്താം

'ഓരോ വിപ്ലവവും അതിന്റേതായ ഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്'. ഈ പ്രസ്താവന സാധൂകരിക്കുന്ന രീതിയിൽ ചുവടെ നൽകുന്ന വിപ്ലവങ്ങളുടെ ഫലങ്ങൾ എഴുതുക.

- ഫ്രഞ്ച് വിപ്ലവം
- അമേരിക്കൻ സ്വാതന്ത്ര്യസമരം

## പ്രവർത്തനം

സ്പെയിൻകാരും പോർച്ചുഗീസുകാരും ലാറ്റിനമേരിക്കയിൽ നടപ്പിലാക്കിയ കോളനി ഭരണം അവിടത്തെ ജനജീവിതത്തെ എങ്ങനെയെല്ലാം ബാധിച്ചു എന്നു കണ്ടെത്തി ലിസ്റ്റ് പൂർത്തിയാക്കാം.

- സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും ലാറ്റിനമേരിക്കയിൽ പ്രചരിപ്പിച്ചു
-
-
-
-
-
- കോളനിക്കാരെ അടിമകളെപ്പോലെ പണിയെടുപ്പിച്ചു.

## ഒറ്റനോട്ടത്തിൽ

- സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിക്കുകയും വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു.
- സ്പാനിഷ് കൃഷി രീതികളും കാർഷിക വിളകളും കോളനികളിൽ നടപ്പിലാക്കി.
- യൂറോപ്യരിൽ നിന്ന് പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കൻ ജനതയിലേക്ക് പകർന്നു
- എല്ലാ രംഗങ്ങളിലും വംശീയ വിവേചനം പുലർത്തി
- ലാറ്റിനമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു.

### എഴുതാം വിലയിരുത്താം

കോളനിവാഴ്ച ലാറ്റിനമേരിക്കൻ ജനജീവിതത്തെ, ഏതെല്ലാം തരത്തിൽ ബാധിച്ചു എന്നു വിശദമാക്കുക.

### പഠനനേട്ടം

വിവിധ വിപ്ലവങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങൾ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്താൻ കഴിയുന്നു.

### പ്രവർത്തനം

ലോകത്തെ മാറ്റിമറിച്ച വിപ്ലവങ്ങളുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ചുവടെ നൽകുന്നു. അവ ഏത് വിപ്ലവവുമായി ബന്ധപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് വർഷം രേഖപ്പെടുത്താം.

A. അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ് ലോകപ്രശസ്തമായ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി.

B. മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കാവുന്നു.

C. പാരീസ് നഗരത്തിലെ ആയിരക്കണക്കിന് സ്ത്രീകൾ 'ഭക്ഷണം വേണം' എന്ന മുദ്രാവാക്യവുമായി വെഴ്സായി കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി.

D. രാഷ്ട്രീയാവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് പ്രകടനം നടത്തി.

### ഒറ്റനോട്ടത്തിൽ

A. അമേരിക്കൻ സ്വാതന്ത്ര്യസമരം - 1776 (ജൂലൈ 4 )

B. ചൈനീസ് വിപ്ലവം - 1949 (ഒക്ടോബർ 1 )

C. ഫ്രഞ്ച് വിപ്ലവം - 1789 (ഒക്ടോബർ)

D. റഷ്യൻ വിപ്ലവം - 1905 (ജനുവരി 9)

### എഴുതാം; വിലയിരുത്താം

ചുവടെ തന്നിട്ടുള്ള സംഭവങ്ങൾ കാലഗണനക്രമത്തിലാക്കുക.

- ജനകീയ ചൈന റിപ്പബ്ലിക്കാവുന്നു
- ടെന്നീസ് കോർട്ട് പ്രതിജ്ഞ
- ലോങ് മാർച്ച്
- പെട്രോഗ്രാഡ് പ്രകടനം
- വെഴ്സായി കൊട്ടാരത്തിലേക്ക് പ്രക്ഷോഭകാരികൾ പ്രകടനം നടത്തി.

### പഠനനേട്ടം

ഫ്രഞ്ച് സമൂഹത്തിന്റെ അസമത്വം വിശദീകരിക്കുന്നു.

### പ്രവർത്തനം

ഫ്രഞ്ച് സമൂഹത്തെ അടിസ്ഥാനമാക്കി ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കാം?

| വിവിധ എസ്റ്റേറ്റുകൾ | സമൂഹ വിഭാഗം | സമൂഹ സ്ഥിതി |
|---|---|---|
| ♦ ഒന്നാമത്തെ എസ്റ്റേറ്റ് | | |
| ♦ രണ്ടാമത്തെ എസ്റ്റേറ്റ് | | |
| ♦ മൂന്നാമത്തെ എസ്റ്റേറ്റ് | | |

### ഒറ്റനോട്ടത്തിൽ

- ഒന്നാമത്തെ എസ്റ്റേറ്റ് : പുരോഹിതന്മാർ: എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടു. ധാരാളം ഭൂപ്രദേശം കൈവശം വച്ചു.
- രണ്ടാമത്തെ എസ്റ്റേറ്റ് : പ്രഭുക്കന്മാർ: സൈനിക സേവനം, ആഡംബരജീവിതം.
- മൂന്നാമത്തെ എസ്റ്റേറ്റ് : മധ്യവർഗം, സാധാരണക്കാർ, തൊഴിലാളികൾ: ഭരണത്തിൽ ഒരവകാശവുമില്ല. ഉയർന്ന നികുതി നൽകേണ്ടി വന്നു.

### എഴുതാം; വിലയിരുത്താം

ഫ്രഞ്ച് സമൂഹം നേരിട്ട അസമത്വത്തിന്റെയും ചൂഷണത്തിന്റെയും ദുരവസ്ഥ വിശകലനം ചെയ്യുക.

### പ്രവർത്തനം

'സാർ ചക്രവർത്തിമാരുടെ സ്വേച്ഛാധിപത്യഭരണം റഷ്യയിൽ ഒരു വിപ്ലവത്തിന് പ്രചോദനമായി- ' വസ്തുതകൾ വിശകലനം ചെയ്ത് ഈ പ്രസ്താവന സാധൂകരിക്കുക.

### ഒറ്റനോട്ടത്തിൽ

- റഷ്യ ഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ ഏകാധിപത്യത്തിനു കീഴിൽ കർഷകരും ഫാക്ടറി തൊഴിലാളികളും ദുരിത പൂർണമായ ജീവിതം നയിച്ചു.
- റഷ്യയുടെ കാർഷിക മേഖലയിലെ കുറഞ്ഞ ഉൽപ്പാദനം കർഷകരുടെ വരുമാനത്തെ ബാധിച്ചു
- വ്യാവസായികോല്പാദന മേഖലയുടെ ഭൂരിഭാഗവും നിയന്ത്രിച്ചിരുന്നത് വിദേശികളാണ്.

### എഴുതാം വിലയിരുത്താം

സാർ ചക്രവർത്തിമാരുടെ സ്വേച്ഛാധിപത്യ ഭരണമാണ് റഷ്യയെ ഒരു വിപ്ലവത്തിലേക്ക് നയിച്ചത് വ്യക്തമാക്കുക.

### പഠനനേട്ടം

റഷ്യൻ വിപ്ലവം, ചൈനീസ് വിപ്ലവം എന്നിവയുടെ സാഹചര്യങ്ങൾ വിശദീകരിക്കുന്നു.

### പ്രവർത്തനം

ചുവടെ നൽകിയിരിക്കുന്നത് റഷ്യയിലും ചൈനയിലും മാറ്റങ്ങൾക്ക് വഴിതെളിച്ച രണ്ട് മഹത്തായ വിപ്ലവങ്ങളുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങളാണ്. അവ ഓരോന്നും ഏതേത് വിപ്ലവവുമായി ബന്ധപ്പെട്ടതാണന്ന് തിരിച്ചറിഞ്ഞ് വർഗ്ഗീകരിക്കാം.

a. ചിയാങ് കൈഷക്കിന്റെ സൈനിക ഏകാധിപത്യ ഭരണം വിദേശശക്തികൾക്ക് അനുകൂലമായി.

b. സാർചക്രവർത്തിയുടെ സ്വേച്ഛാധിപത്യ രാജവാഴ്ചയും ഫ്യൂഡൽ വ്യവസ്ഥിതിയുടെ ക്രൂരതയും വിപ്ലവത്തിന് കളമൊരുക്കി.

c. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ മാവോസെ തുംഗ്, ചിയാങ് കൈഷക്കിന്റെ സ്വേച്ഛാധിപത്യ നയങ്ങളെ ശക്തമായി എതിർത്തു.

d. കാൾമാർക്സും ഫ്രെഡറിക് ഏംഗൽസും ആവിഷ്ക്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശം നൽകി.

e. 1934 ൽ മാവോയുടെ നേതൃത്വത്തിൽ 'ലോങ് മാർച്ച്' ആരംഭിക്കുകയും ധാരാളം കൃഷിഭൂമികളും ഗ്രാമങ്ങളും പിടിച്ചെടുത്ത് യഥാർത്ഥ കൃഷിക്കാർക്ക് നൽകുകയും ചെയ്തു.

f. രാഷ്ട്രീയാവകാശങ്ങളും, സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനുവരി 9 ന് പ്രകടനം നടത്തി.

g. പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.

h. ലെനിന്റെ നേതൃത്വത്തിൽ പ്രഭുക്കന്മാരുടെ കൈവശമിരുന്ന ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.

i. ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച സംഭവം 'ഒക്ടോബർ വിപ്ലവം' എന്നറിയപ്പെടുന്നു.

j. മാവോയുടെ നേതൃത്വത്തിലുള്ള 'ചുവപ്പുസേന' കുമിന്താങ് ഭരണകേന്ദ്രം പിടിച്ചെടുത്തു.

k. ബോൾഷെവിക്കുകളും സോവിയറ്റുകളും ലെനിനെ പിന്തുണക്കുകയും സാമ്പത്തിക പിന്നോക്കാവസ്ഥയില്ലാതാക്കാനും അസമത്വം മാറ്റാനും ഒരു തൊഴിലാളിവർഗ ഭരണകൂടത്തിനു വേണ്ടി പ്രയത്നിക്കുകയും ചെയ്തു.

l. 1949 ഒക്ടോബർ 9 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ റിപ്പബ്ലിക്കായി മാറി.

m. 1924 ൽ സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് ശക്തി പകർന്ന് സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.

### ഒറ്റനോട്ടത്തിൽ

റഷ്യൻവിപ്ലവം : b, d, f, g, h, i, k, m

ചൈനീസ് വിപ്ലവം : a, c, e, j, l

### എഴുതാം; വിലയിരുത്താം

ചൈനീസ് വിപ്ലവത്തിനും റഷ്യൻ വിപ്ലവത്തിനും ഇടയാക്കിയ സാഹചര്യങ്ങളും സംഭവങ്ങളും വിശകലനം ചെയ്യുക.

### പഠനനേട്ടം

വിവിധ വിപ്ലവങ്ങളുടെ ആശയങ്ങൾ വിശകലനം ചെയ്യുന്നു.

### പ്രവർത്തനം

ചുവടെ നൽകുന്ന സന്ദേശങ്ങളും ആശയങ്ങളും ഉൾക്കൊണ്ട് അതുമായി ബന്ധപ്പെട്ട വ്യക്തികൾ, വിപ്ലവങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ രേഖപ്പെടുത്താം.

a. മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.

b. സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്.

c. “സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം”

d. “പ്രാതിനിധ്യമില്ലാതെ നികുതിയില്ല.”

### ഒറ്റനോട്ടത്തിൽ

a. ജോൺ ലോക്ക്; അമേരിക്കൻ വിപ്ലവം

b. റൂസ്സോ; ഫ്രഞ്ചു വിപ്ലവം

c. ഫ്രഞ്ച് വിപ്ലവം

d. അമേരിക്കൻ സ്വാതന്ത്ര്യസമരം

### എഴുതാം; വിലയിരുത്താം

1. അമേരിക്കൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ജയിംസ് ഓട്ടിസ് രൂപംനൽകിയ മുദ്രാവാക്യമേത്?
2. ഫ്രഞ്ച് വിപ്ലവത്തിന്റെ മഹത്തായ ആശയങ്ങൾ ഏതെല്ലാമാണ്?
3. “പ്രാതിനിധ്യമില്ലാതെ നികുതിയില്ല” എന്ന മുദ്രാവാക്യം ഏത് വിപ്ലവവുമായി ബന്ധപ്പെട്ടതാണ്?
4. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ സാഹചര്യങ്ങൾ വിശദമാക്കുക.
5. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്?
6. ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലങ്ങളേവ?
7. ‘റഷ്യൻ വിപ്ലവം തൊഴിലാളി വർഗത്തിന്റെ ഉദയത്തിന് വേഗത കൂട്ടി’, ഈ പ്രസ്താവന സാധൂകരിക്കുക.
8. ചുവടെ നൽകുന്ന വ്യക്തികൾ നൽകിയ സംഭാവനകൾ എഴുതുക.
   - തോമസ് പെയിൻ
   - റൂസ്സോ
   - ജോർജ് വാഷിങ്ടൺ
   - മാവോ സെ തുംഗ്
   - ലെനിൻ
9. മാവോയുടെ നേതൃത്വത്തിൽ നടന്ന ചൈനീസ് വിപ്ലവത്തിന്റെ ഘട്ടങ്ങൾ വിശദീകരിക്കുക.

യൂണിറ്റ് 2



# ലോകം ഇരുപതാം നൂറ്റാണ്ടിൽ

യൂറോപ്യൻ ശക്തികൾക്ക് ലോകത്താകെയുണ്ടായ സ്വാധീനവും അത് സൃഷ്ടിച്ച പ്രതിഫലനങ്ങളുമാണ് ഇരുപതാം നൂറ്റാണ്ടിന്റെ മുഖ്യസവിശേഷത. ലോകത്തിന്റെ രാഷ്ട്രീയ സ്ഥിതിയെ സ്വാധീനിച്ച രണ്ട് ലോകയുദ്ധങ്ങൾ, അന്താരാഷ്ട്രസമാധാന സംഘടനകൾ, സമഗ്രാധിപത്യത്തിന്റെ പ്രതിരൂപങ്ങളായ ഫാഷിസം, നാസിസം തുടങ്ങിയ ആശയങ്ങളുടെ ഉദയം എന്നിവ ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. കുട്ടികളിൽ ഫാഷിസ്റ്റ് - സാമ്രാജ്യത്വ ഭരണത്തോടുള്ള എതിർപ്പും, ജനാധിപത്യ ഭരണത്തോടുള്ള ആദരവും ഉണ്ടാക്കുന്ന രീതിയിലും, യുദ്ധവിരുദ്ധ-സാമ്രാജ്യത്വവിരുദ്ധ മനോഭാവം വളർത്താനുതകുന്ന തരത്തിലുമാണ് ഈ പാഠം വിശദീകരിച്ചിരിക്കുന്നത്.

## പഠന നേട്ടം

സാമ്രാജ്യത്വത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ തിരിച്ചറിയുന്നു.

## പ്രവർത്തനം

മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ രൂപീകരണം T.B വായിച്ച് ചർച്ചാ സൂചകങ്ങൾ തയ്യാറാക്കാം

- വ്യവസായ വിപ്ലവം യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപിച്ചു.
- 
- 
- 

**സൂചകങ്ങൾ**-ഉൽപ്പാദനം, ലാഭം, വിതരണം.

## ഒറ്റനോട്ടത്തിൽ


- മുതലാളിമാർ ഫാക്ടറികളിൽ മൂലധന നിക്ഷേപം നടത്തി ഉൽപ്പാദനം കൂട്ടി.
- ലാഭത്തിൽ വർധനവുണ്ടാക്കി.
- ലാഭം ലക്ഷ്യമാക്കി ഉൽപ്പാദനവും വിതരണവും സ്വകാര്യ വ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ്‌വ്യവസ്ഥ മുതലാളിത്തം എന്നറിയപ്പെട്ടു.

## എഴുതാം; വിലയിരുത്താം

1. മുതലാളിത്ത സമ്പദ്‌വ്യവസ്ഥ എന്നാലെന്ത് ?
2. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ ലക്ഷ്യം എന്ത് ?

### പ്രവർത്തനം-2

വ്യവസായവിപ്ലവം കോളനിവൽക്കരണത്തിന് കാരണമായത് എങ്ങനെയെന്ന് താഴെ കൊടുത്തിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുന്നതിലൂടെ നമുക്ക് കണ്ടെത്താം.




**സൂചകങ്ങൾ :** വ്യവസായ വിപ്ലവം, കോളനിവൽക്കരണം, ഉല്പാദനവർദ്ധനവ്, സാമ്പത്തിക ചൂഷണം, മുതലാളിത്ത വ്യവസ്ഥ, മൂലധനകയറ്റുമതി, വർദ്ധിച്ച മൂലധന നിക്ഷേപം, ഫാക്ടറി വ്യവസ്ഥ, കൂലി വർദ്ധനവ്, വിദേശകമ്പോളത്തിനുവേണ്ടിയുള്ള മത്സരം.

### ഒറ്റനോട്ടത്തിൽ

**1)** വ്യവസായവിപ്ലവം **2)** ഫാക്ടറി വ്യവസ്ഥ **3)** മൂലധനനിക്ഷേപം

**4)** ഉല്പാദനവർദ്ധനവ് **5)** മുതലാളിത്ത വ്യവസ്ഥ

**6)** വർദ്ധിച്ച മൂലധനനിക്ഷേപം **7)** വിദേശകമ്പോളത്തിനുവേണ്ടിയുള്ള മത്സരം

**8)** സാമ്പത്തിക ചൂഷണം 9) കോളനിവൽക്കരണം

### എഴുതാം; വിലയിരുത്താം

1. വ്യവസായവിപ്ലവം കോളനിവൽക്കരണത്തിന് കാരണമായതെങ്ങനെയെന്നു കുറിപ്പ് എഴുതാം

### പ്രവർത്തനം

താഴെ നൽകിയിരിക്കുന്ന സുചകങ്ങളുടെ അടിസ്ഥാനത്തിൽ കോളനികളിൽ മൂലധന നിക്ഷേപം നടത്താൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ പട്ടികപ്പെടുത്താം

**സൂചിക :** കൂലി, അസംസ്കൃത വസ്തുക്കൾ, ചെലവ്

### ഒറ്റനോട്ടത്തിൽ

- തൊഴിലാളികളുടെ കുറഞ്ഞ കൂലി
- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- ഉൽപാദനത്തിലും വിതരണത്തിലുമുള്ള കുറഞ്ഞ ചെലവ്

### എഴുതാം; വിലയിരുത്താം

1. ആഫ്രോ ഏഷ്യൻ രാജ്യങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ യൂറോപ്യൻ രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ ?

### പ്രവർത്തനം

കൊളോണിയലിസം സാമ്രാജ്യത്വത്തിൽ നിന്ന് വ്യത്യസ്തമാകുന്നതുമായി ബന്ധപ്പെട്ട് ചുവടെ നൽകിയ വസ്തുതകളെ തരംതിരിച്ച് പട്ടികപ്പെടുത്താം.

**a)** ഏഷ്യൻ, ആഫ്രിക്കൻ. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾക്ക് കമ്പോളങ്ങൾ ഉണ്ടായിരുന്നു.

**b)** കോളനികളിലേക്കുള്ള മൂലധന കയറ്റുമതിയുടെ ഘട്ടം സാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

**c)** ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക ആധിപത്യം സാമ്രാജ്യത്വത്തിന്റെ സവിശേഷതയാണ്.

**d)** യൂറോപ്യൻ രാഷ്ട്രങ്ങൾ രാഷ്ട്രീയാധികാരവും സൈനികശേഷിയും ഉപയോഗിച്ച് സാമ്പത്തിക ചൂഷണം നടത്തി.

| കോളനിവൽക്കരണം | സാമ്രാജ്യത്വം |
|---|---|
| | |

## ഒറ്റനോട്ടത്തിൽ

| കോളനിവൽക്കരണം | സാമ്രാജ്യത്വം |
|---|---|
| a | b |
| d | c |

## എഴുതാം; വിലയിരുത്താം

1. സാമ്രാജ്യത്വം എന്തെന്ന് വിശദമാക്കുക

## പ്രവർത്തനം

സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാം ബാധിച്ചു എന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താം.

**സൂചകങ്ങൾ :** സമ്പദ്‌വ്യവസ്ഥ, ഭരണരീതിയും നിയമവ്യവസ്ഥയും, നാണ്യ വിളകൾ, ജീവിതരീതി, വിഭവങ്ങൾ, സംസ്കാരം, പ്രകൃതിവിഭവങ്ങളുടെ ചൂഷണം.

- കോളനികളുടെ പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നു.
-
-
-

## ഒറ്റനോട്ടത്തിൽ

- ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
- ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു
- പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കപ്പെട്ടു.
- തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

## പഠന നേട്ടം

ഒന്നാംലോകയുദ്ധത്തിലേക്കു നയിച്ച ഘടകങ്ങൾ വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള തർക്കങ്ങൾ ലോക രാഷ്ട്രങ്ങളെ ഒരു യുദ്ധത്തിലേക്ക് നയിച്ചു. ഇതിനു വഴിതെളിച്ച ഘടകങ്ങൾ എന്തെല്ലാമെന്നു എഴുതി പട്ടിക പൂർത്തിയാക്കാം.

- സൈനിക സഖ്യങ്ങളുടെ രൂപീകരണം
-
-

- 

### ഒറ്റനോട്ടത്തിൽ


- തീവ്രദേശീയത
- തീവ്രദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങൾ.
- സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ
- ഫ്രാൻസിസ് ഫെർഡിനന്റ് വധിക്കപ്പെട്ടത്.

### എഴുതാം; വിലയിരുത്താം

1. സാമ്രാജ്യത്വ മത്സരങ്ങൾ ലോകരാജ്യങ്ങളെ ഒരു യുദ്ധത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് കുറിപ്പ് തയ്യാറാക്കുക.

### പ്രവർത്തനം

ഒന്നാംലോകയുദ്ധത്തിനു മുമ്പായി രൂപീകരിച്ച സൈനിക സഖ്യങ്ങളുടെ ഫ്ളോചാർട്ട് പൂർത്തിയാക്കാം.




### ഒറ്റനോട്ടത്തിൽ

ത്രികക്ഷിസഖ്യം
- ജർമ്മനി
- ആസ്ട്രിയ-ഹംഗറി
- ഇറ്റലി

ത്രികക്ഷിസൗഹാർദം
- ഇംഗ്ലണ്ട്
- ഫ്രാൻസ്
- റഷ്യ

### എഴുതാം; വിലയിരുത്താം

1. ഒന്നാംലോകയുദ്ധത്തിൽ പങ്കെടുത്ത ചില രാജ്യങ്ങളുടെ പേരുകൾ ചുവടെ കൊടുത്തിരിക്കുന്നു. ഇവയെ ത്രികക്ഷിസഖ്യം ത്രികക്ഷിസൗഹാർദം എന്നിങ്ങനെ പട്ടികപ്പെടുത്തുക.

   റഷ്യ, ഫ്രാൻസ്, ബൾഗേറിയ, ജർമ്മനി, സെർബിയ, ബ്രിട്ടൻ, ആസ്ട്രിയ - ഹംഗറി, ഇംഗ്ലണ്ട്, ഇറ്റലി.

## പ്രവർത്തനം

തീവ്രദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങളുടെ പട്ടിക സൂചന കങ്ങളുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കാം.

| പ്രസ്ഥാനങ്ങൾ | നേതൃത്വ രാജ്യങ്ങൾ | കാരണം |
|---|---|---|
| പാൻസ്ലാവ് പ്രസ്ഥാനം | a | കിഴക്കൻ യൂറോപ്പിലെ സെർബിയ, ബൽഗേറിയ ഗ്രീസ് എന്നീ രാജ്യങ്ങളിലെ സ്ലാവ് വംശജരെ ഏകീകരിക്കാൻ |
| b | c | മധ്യ യൂറോപ്പിലും ബാൾക്കൻ മേഖലയിലും ട്യൂട്ടോണിക്ക് വർഗ്ഗകാരെ ഏകോപിപ്പിക്കാൻ |
| d | ഫ്രാൻസ് | |

**സൂചകങ്ങൾ :** റഷ്യ, പാൻ ജർമ്മൻ പ്രസ്ഥാനം, ജർമ്മനി, പ്രതികാര പ്രസ്ഥാനം,1871-ൽ ജർമ്മനിയുടെ പക്കൽ നിന്ന് അൽസൈസ് ലൊറൈൻ പ്രദേശം തിരിക പിടിക്കുന്നതിന് വേണ്ടി.

## പ്രവർത്തനം

താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര പ്രതിസന്ധികൾ ഒന്നാം ലോകയുദ്ധത്തിന് വഴിതെളിച്ചതെങ്ങനെയെന്നു കണ്ടെത്തി പട്ടിക പൂർത്തിയാക്കാം.

മൊറോക്കൻ പ്രതിസന്ധി, ബാൾക്കൻ പ്രതിസന്ധി, ഫ്രാൻസ്, ബ്രിട്ടൻ, ജർമ്മനി. ബാൾക്കൻ രാജ്യങ്ങൾ, ബാൾക്കൻ പ്രദേശങ്ങളെ ചൊല്ലി റഷ്യയും ജർമ്മനിയും തമ്മിലുണ്ടായ സംഘർഷം, മൊറോക്കോയ്ക്ക് വേണ്ടി ഫ്രാൻസ്-ജർമ്മനി പ്രശ്നം.

| പ്രതിസന്ധി | രാജ്യങ്ങൾ | കാരണം |
|---|---|---|
| | | |

### ഒറ്റനോട്ടത്തിൽ

| പ്രതിസന്ധി | രാജ്യങ്ങൾ | കാരണം |
|---|---|---|
| മൊറോക്കൻ | ഫ്രാൻസ് ബ്രിട്ടൻ, ജർമ്മനി | മൊറോക്കോയ്ക്ക് വേണ്ടി ഫ്രാൻസ്- ജർമ്മനി പ്രശ്നം. |
| ബാൾക്കൺ | ബാൾക്കൺ രാജ്യങ്ങൾ | ബാൾക്കൺ പ്രദേശങ്ങളെ ചൊല്ലി റഷ്യ-ജർമ്മനി തമ്മിലുണ്ടായ സംഘർഷം |

### എഴുതാം; വിലയിരുത്താം

1. ബാൾക്കൺ പ്രതിസന്ധിയിൽ ആരുടെയൊക്കെ താല്പര്യങ്ങളാണ് അതിലേക്ക് നയിച്ചത്?
2. മൊറോക്കൻ പ്രതിസന്ധി പരിഹരിച്ചതെങ്ങനെ?

### പ്രവർത്തനം

തീവ്രദേശീയതയ്ക്ക് കാരണമായ ഘടകങ്ങൾ പട്ടികപ്പെടുത്താം.

- രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കീഴടക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ ദേശീയതയെ ഉപയോഗിച്ചു.
- 
- 

### ഒറ്റനോട്ടത്തിൽ

സ്വന്തം രാജ്യം മറ്റുള്ളവയേക്കാൾ ശ്രേഷ്ഠമാണെന്നുകരുതി ആ രാജ്യത്തിന്റെ പ്രവൃത്തികൾ ന്യായീകരിക്കുകയും ചെയ്യുന്നത്.

### എഴുതാം; വിലയിരുത്താം

1. സാമ്രാജ്യത്വ മത്സരങ്ങളിൽ വിജയിക്കുന്നതിന് യൂറോപ്യൻ രാജ്യങ്ങൾ സ്വീകരിച്ച മാർഗ്ഗം ഏത് ?
2. തീവ്രദേശീയത എന്നാലെന്ത്?

### പഠന നേട്ടം

ഒന്നാംലോകയുദ്ധത്തിന്റെ ഫലങ്ങൾ വിശദമാക്കുന്നു.

### പ്രവർത്തനം

ലോക വ്യാപകമായ ഫലങ്ങളാണ് ഒന്നാംലോകയുദ്ധത്തിൽ ഉണ്ടായത്. സൂചനകളുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താം.

**സൂചനകൾ:** * ജീവഹാനി, * സാമ്പത്തികം, * തകർച്ച, * സംഘടന.

- ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.
-
-
-

### ഒറ്റനോട്ടത്തിൽ

- യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർധിച്ചു.
- ഏഷ്യയിലെയും, ആഫ്രിക്കയിലെയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- കൃഷി, വ്യവസായം, വാർത്താവിനിമയം എന്നിവ തകർന്നു.
- ലോകസമാധാനം സംരക്ഷിക്കാനായി സർവ്വരാഷ്ട്രസഖ്യം രൂപം കൊണ്ടു.

### എഴുതാം; വിലയിരുത്താം

1. ഒന്നാം ലോകയുദ്ധം അതുവരെയുണ്ടായ യുദ്ധങ്ങളിൽ ഭീകരമായ ഒന്നായിരുന്നു. ഒന്നാം ലോകയുദ്ധത്തിന്റെ നാശനഷ്ടങ്ങൾ, പ്രത്യാഘാതങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയ്യാറാക്കാം.

### പ്രവർത്തനം

വേഴ്സായ് സന്ധി പാരീസ് സമാധാന ഉടമ്പടിയിലെ പ്രധാന സന്ധിയാണ്. ആരുമായി ട്ടാണ് ഇത് ഒപ്പു വച്ചത്? എന്തായിരുന്നു പ്രധാന വ്യവസ്ഥകളെന്നു കണ്ടെത്താം.

### ഒറ്റനോട്ടത്തിൽ

- ജർമ്മനി
- ജർമ്മനിയുടെ കോളനികൾ വീതിച്ചെടുത്തു
- യുദ്ധനഷ്ടപരിഹാരമായി വൻതുക നൽകി
- സമ്പന്നമായ ഖനിപ്രദേശങ്ങൾ കൈക്കലാക്കി.
- യുദ്ധക്കുറ്റം ജർമ്മനിയെ നിരായുധീകരിച്ചു.

### എഴുതാം; വിലയിരുത്താം

1. വേഴ്സായ്സന്ധി മറ്റൊരു യുദ്ധത്തിനു കാരണമായെന്നു നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?

### പഠന നേട്ടം

അമേരിക്ക പുതിയ രാഷ്ട്രീയ സാമ്പത്തിക ശക്തിയായതെങ്ങനെയെന്ന് തിരിച്ചറിയുന്നു.

### പ്രവർത്തനം

1929 ൽ അമേരിക്കയിലുണ്ടായ സാമ്പത്തിക മാന്ദ്യം ലോകരാജ്യങ്ങളെ ബാധിച്ചതെ

ങ്ങനെയെന്ന് പട്ടികപ്പെടുത്തുക.

- യുദ്ധം പാപ്പരാക്കിയ ജനങ്ങൾ സാധനങ്ങൾ വാങ്ങാതായി.
-
-
-
-
-

### ഒറ്റനോട്ടത്തിൽ

- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.
- ബാങ്കുകൾ തകർന്നു.
- പണപ്പെരുപ്പം വർധിച്ചു.
- തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.
- കോളനികളിലെ നികുതി വർദ്ധിപ്പിച്ചു.
- അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ചവരുത്തി.

### എഴുതാം; വിലയിരുത്താം

1. 1929 ലെ സാമ്പത്തിക മാന്ദ്യത്തിന്റ ഫലങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ
2. സാമ്പത്തിക മാന്ദ്യം നിമിത്തം ഉണ്ടായ പ്രതിസന്ധി മറികടക്കാൻ യുറോപ്യൻ രാജ്യങ്ങൾ കണ്ടെത്തിയ മാർഗ്ഗം വിലയിരുത്താം.

### പഠന നേട്ടം

ഫാഷിസവും നാസിസവും ലോകത്തിനു ഭീഷണിയായതെങ്ങനെയെന്ന് വിശദീകരിക്കുന്നു.

### പ്രവർത്തനം

മുസോളിനി നേതൃത്വം കൊടുത്ത ഫാഷിസ്റ്റ് പാർട്ടിയും ഹിറ്റ്ലർ നേതൃതം കൊടുത്ത നാസിപാർട്ടിയും അധികാരത്തിലെത്തുവാൻ സഹായിച്ച ചില ഘടകങ്ങൾ ചുവടെ നൽകിയിട്ടുണ്ട്. അവ തരംതിരിച്ച് പട്ടികപ്പെടുത്താം

**സൂചകങ്ങൾ**

a) സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും

b) രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്കു പോകുമോ എന്ന ഭയം.

c) ഒന്നാം ലോകയുദ്ധത്തിൽ ഇറ്റലിക്ക് നേട്ടമുണ്ടായില്ല.

d) ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും.

e) വേഴ്സായ് സന്ധിയിലെ നിബന്ധനകൾ

### ഒറ്റനോട്ടത്തിൽ

| ഫാഷിസം | നാസിസം |
|---|---|
| b | a |
| c | d |
| | e |

### എഴുതാം; വിലയിരുത്താം

1. ഫാഷിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയ സാഹചര്യം വ്യക്തമാക്കുക.
2. ഹിറ്റ്ലറെ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ എഴുതുക.

### പ്രവർത്തനം

ഫാഷിസത്തിന്റെ മുഖ്യസവിശേഷതകൾ പട്ടികപ്പെടുത്താം

- ജനാധിപത്യത്തോടുള്ള വിരോധം.
- 
- 
- 

### ഒറ്റനോട്ടത്തിൽ

- വംശമഹിമ ഉയർത്തിപ്പിടിക്കൽ.
- സൈനിക സ്വേച്ഛാധിപത്യം.
- തീവ്രദേശീയത പ്രചരിപ്പിക്കൽ.
- സോഷ്യലിസത്തോടുള്ള എതിർപ്പ്.
- രാഷ്ട്രത്തെ മഹത്ത്വവൽക്കരിക്കൽ.
- രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ.
- 
- 

### എഴുതാം; വിലയിരുത്താം

1. ഫാഷിസത്തിന്റെ സവിശേഷതകൾ മുസ്സോളിനിയുടെ ഭരണത്തിൽ എത്രമാത്രം പ്രതിഫലിച്ചിരുന്നു എന്ന് വിശകലനം ചെയ്യാം.

### പ്രവർത്തനം

ഫാഷിസത്തിന്റെയും നാസിസത്തിന്റെയും സമാനതകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കാം.

| | ഫാസിസം | നാസിസം |
|---|---|---|
| • വംശമഹിമ | | |
| • ശത്രുക്കളെ ഉന്മൂലനം ചെയ്യൽ | | |
| • സൈനിക സ്വേച്ഛാധിപത്യം | | |
| • ആക്രമണോത്സുകമായ വിദേശനയം | | |

**സൂചകങ്ങൾ**

സോഷ്യലിസ്റ്റുകൾ, തൊഴിലാളികൾ, കർഷകനേതാക്കൾ, എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായികണ്ടു, ജൂതന്മാർ, ജനാധിപത്യവാദികൾ എന്നിവരെ ശത്രുക്കളായി കണക്കാക്കി. കരിങ്കുപ്പായക്കാർ, തവിട്ടുകുപ്പായക്കാർ, ഗസ്റ്റപ്പൊ, എത്യോപ്യ, അൽബേനിയ, തുടങ്ങിയ രാജ്യങ്ങളെ ആക്രമിച്ചു. ആസ്ട്രിയ, ചെക്കോസ്ലോവാക്യ, ഇറ്റലി, ജപ്പാനുമായുള്ള സൈനിക സഖ്യം, ആര്യ വംശം, പ്രാചീന റോമാസാമ്രാജ്യത്തിന്റെ പുനസ്ഥാപനം.

### ഒറ്റനോട്ടത്തിൽ

**ഫാഷിസം–** പ്രാചീന റോമാസാമ്രാജ്യത്തിന്റെ പുനസ്ഥാപനം.

- സോഷ്യലിസ്റ്റുകൾ, തൊഴിലാളികൾ, കർഷകനേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി കണ്ടു.
- കരിങ്കുപ്പായകാർ • എത്യോപ്യ. അൽബേനിയ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു.

**നാസിസം–** ആര്യവംശം, ജൂതന്മാർ, ജനാധിപത്യ വാദികൾ എന്നിവരെ ശത്രുക്കളായി കണക്കാക്കി.

- തവിട്ടു കുപ്പായകാർ, ഗസ്റ്റപ്പൊ
- ആസ്ട്രിയ– ചെക്കോസോവാക്യ, ഇറ്റലി ജപ്പാൻ എന്നീ രാജ്യങ്ങളുമായി സൈനിക സഖ്യം

### പ്രവർത്തനം

പൂർത്തിയാക്കുക.

| A | B | C |
|---|---|---|
| ഫാഷിസം | a | കരിക്കുപ്പായക്കാർ |
| നാസിസം | ഹിറ്റ്ലർ | b |
| c | ആർതർബാൽഫർ | d |

**സൂചകങ്ങൾ–** മുസ്സോളിനി, ബാൽഫർ പ്രഖ്യാപനം, ഗസ്റ്റപ്പൊ, ജൂതരാഷ്ട്രം

### ഒറ്റനോട്ടത്തിൽ

a- മുസ്സോളിനി b-ഗസ്റ്റപ്പൊ

c-ജൂതരാഷ്ട്രം d-ബാൽഫർ പ്രഖ്യാപനം

### പഠന നേട്ടം

രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നു.

### പ്രവർത്തനം

രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ പട്ടികപ്പെടുത്താം

- വേഴ്സായി സന്ധി
-
-
-

### ഒറ്റനോട്ടത്തിൽ

- സാമ്രാജ്യത്വ മത്സരങ്ങൾ
- സൈനിക സഖ്യങ്ങളുടെ രൂപീകരണം
- സർവ്വ രാഷ്ട്ര സഖ്യത്തിന്റെ പരാജയങ്ങൾ
- പ്രീണനനയം
- ഫാഷിസം, നാസിസം എന്നിവയുടെ ആവിർഭാവം
-

## എഴുതാം; വിലയിരുത്താം

1. ഒന്നാം ലോകയുദ്ധാനന്തരം യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളാണോ രണ്ടാം ലോകയുദ്ധത്തിൽ കാരണമായത്? വിശകലനം ചെയ്യുക.
2. "ഒന്നാം ലോകയുദ്ധത്തിന്റെയും രണ്ടാം ലോകയുദ്ധത്തിന്റെയും കാരണങ്ങൾക്ക് നിരവധി സമാനതകൾ ഉണ്ടായിരുന്നു". ഈ പ്രസ്താവനയെ അപഗ്രഥിക്കുക
3. 'ഒന്നാം ലോകയുദ്ധത്തിന്റെ ചില ഫലങ്ങളാണ് രണ്ടാം ലോകയുദ്ധത്തിന് കാരണമായത്' എങ്ങനെ?

### പ്രവർത്തനം

രണ്ടാം ലോകയുദ്ധകാലത്തെ സൈനിക സഖ്യങ്ങളെ ബന്ധപ്പെടുത്തി താഴെ കൊടുത്തിരിക്കുന്നു പട്ടിക ഉചിതമായ ശീർഷകങ്ങൾ നൽകി പൂർത്തിയാക്കുക

| A | B |
|---|---|
| 1 | |
| 2 | |
| 3 | |

### ഒറ്റനോട്ടത്തിൽ

| അച്ചുതണ്ടു ശക്തികൾ | സഖ്യശക്തികൾ |
|---|---|
| ജർമ്മനി | ഇംഗ്ലണ്ട് |
| ഇറ്റലി | ഫ്രാൻസ് |
| ജപ്പാൻ | ചൈന |

### പഠനനേട്ടം

രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുന്നു.

### പ്രവർത്തനം

രണ്ടാം ലോകയുദ്ധം മാനവരാശിക്ക് ബാക്കിവച്ചത് ദൂരവ്യാപകമായ ഫലങ്ങളാണന്ന് സമർതറിക്കാം.

- ദശലക്ഷക്കണക്കിനു പേർ കൊല്ലപ്പെട്ടു.
-
-
-
-

### ഒറ്റനോട്ടത്തിൽ


- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില തകർന്നു.
- യൂറോപ്യൻ രാജ്യങ്ങളുടെ മേധാവിത്വം തകർന്നു. സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
- ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചു.

### എഴുതാം; വിലയിരുത്താം

- നിരപരാധികളെയും സാധാരണക്കാരെയും ഒരുപോലെ ബാധിക്കുന്നതാണ് യുദ്ധം. ഒന്നും രണ്ടും ലോകയുദ്ധങ്ങൾ മാനവരാശിക്ക് നൽകിയ പാഠങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുക

### പ്രവർത്തനം

UNOയുടെ ലക്ഷ്യങ്ങൾ പദസൂര്യരൂപത്തിൽ ചിത്രീകരിക്കാം.



**ഒറ്റനോട്ടത്തിൽ**

- ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്നു രക്ഷിക്കുക
- അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
- ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായി പ്രവർത്തനങ്ങൾ എകോപിപ്പിക്കുക.

**പ്രവർത്തനം**

താഴെ നൽകിയിരിക്കുന്ന വസ്തുതകൾ പരിശോധിച്ച് അപകോളനീകരണവുമായി ബന്ധപ്പെട്ടവ കണ്ടെത്താം.

A) കോളനികളിലേക്കുള്ള മൂലധന കയറ്റുമതിയുടെ ഘട്ടം

B) യൂറോപ്യൻ രാഷ്ട്രങ്ങൾ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് സാമ്പത്തിക ചൂഷണം നടത്തി.

C) സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽ നിന്ന് കോളനികൾ സ്വാതന്ത്ര്യം നേടിയത്

D) അമേരിക്കയും, സോവിയറ്റ് യൂണിയനും സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചു

**ഒറ്റനോട്ടത്തിൽ**

- സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽ നിന്ന് കോളനികൾ സ്വാതന്ത്ര്യം നേടിയത്
- അമേരിക്കയും, സോവിയറ്റ് യുണിയനും സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചു

**എഴുതാം; വിലയിരുത്താം**

1. 'അപകോളനീകരണം' എന്നാലെന്ത്? അപകോളനീകരണത്തിനുള്ള കാരണങ്ങൾ.

**പ്രവർത്തനം**

സാമ്രാജ്യത്വത്തിനെതിരായി സമരം നയിച്ച രാഷ്ട്ര നേതാക്കൻമാരുടെ പട്ടിക പൂർത്തിയാക്കാം.

| രാജ്യം | നേതാക്കൾ |
|---|---|
| ഇന്ത്യ | ഗാന്ധിജി |
| a | ക്വാമി എൻക്രുമ |
| കെനിയ | b |
| c | നെൽസൺമണ്ടേല |

**ഒറ്റനോട്ടത്തിൽ**

a-ഘാന b-ജോമൊ കെനിയാത്ത

c-ദക്ഷിണാഫ്രിക്ക

**എഴുതാം; വിലയിരുത്താം**


1. ഘാനയിലെ സ്വാതന്ത്ര്യ സമരം ഏത് സാമ്രാജ്യത്വ ശക്തിക്കെതിരെ ആയിരുന്നു?

**പഠനനേട്ടം**

പുതിയ ശാക്തിക ചേരികളുടെ ഉദയം ശീതസമരത്തിന് കാരണമായതെങ്ങനെയെന്ന് തിരിച്ചറിയുന്നു.

**പ്രവർത്തനം**

ശീതസമരവുമായി ബന്ധപ്പെട്ട വസ്തുതകൾ പദസൂര്യനിലൂടെ വിപുലീകരിക്കുക.




**സൂചകങ്ങൾ**

- ആശയപരമായ ഭിന്നതയും രാഷ്ട്രീയ അവിശ്വാസവും
- സൈനികസഖ്യങ്ങളുടെ രൂപീകരണം
- ലോകരാഷ്ട്രങ്ങൾ മുതലാളിത്ത ചേരിയെന്നും സോഷ്യലിസ്റ്റ് ചേരിയെന്നും രണ്ടായി പിരിഞ്ഞു.
- രണ്ടാം ലോകയുദ്ധത്തിന്റെ സൃഷ്ടി.

**എഴുതാം; വിലയിരുത്താം**

1. 'ശീതസമരം ലോകസമാധാനത്തിന് ഭീഷണിയായിരുന്നു'

   ശീതസമരത്തിന്റെ പ്രത്യേകതകൾ വിലയിരുത്താം.

**പഠനനേട്ടം**

ശാക്തിക ചേരികൾക്ക് ബദലായി രൂപപ്പെട്ടതാണ് ചേരിചേരായ്മ എന്ന് തിരിച്ചറിയുന്നു

**പ്രവർത്തനം**

ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിനുള്ള സാഹചര്യം, നേതൃത്വം, ലക്ഷ്യം എന്നിവ കണ്ടെത്താം.

**ഒറ്റനോട്ടത്തിൽ**

**സാഹചര്യം :** ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യം, ശീതസമരം.

**നേതൃത്വം :** ജവഹർലാൽ നെഹ്റു, ഗമാൽ അബ്ദുൽനാസർ, മാർഷൽ ടിറ്റോ, അഹമ്മദ്സുക്കാർണോ

**ലക്ഷ്യം :** 'ലോകരാജ്യങ്ങളിൽ നിന്ന് മാറിനിൽക്കലല്ല, ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലും സജീവമായി ഇടപെടാനാണ്.'

**പഠന നേട്ടം**

സോവിയറ്റ് യൂണിയന്റെ തകർച്ച ലോക രാഷട്രീയത്തിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുന്നു

**പ്രവർത്തനം**

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലുണ്ടായ സുപ്രധാന സംഭവമാണ് സോവിയറ്റ് യൂണിയന്റെ തകർച്ച. ഇതിനിടയാക്കിയ കാരണങ്ങൾ ഏതെല്ലാമെന്നു താഴെ നൽകിയിരിക്കുന്ന വസ്തുതകളിൽ നിന്നു കണ്ടെത്താം.

a. ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും

b. ദശലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു.

c. ഭരണപരിഷ്കാരങ്ങളായ ഗ്ലാസ്നോസ്ത്, പെരിസ്ട്രോയിക്ക.

d. ആഗോളശക്തിയായി മാറി റഷ്യ.

e. അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണം.

f. സോഷ്യലിസത്തിൽ നിന്നുള്ള വ്യതിചലനം.

**ഒറ്റനോട്ടത്തിൽ**

a, c, e, f

**എഴുതാം; വിലയിരുത്താം**

1. 'ഗോർബച്ചേവിന്റെ പരിഷ്കാരങ്ങളാണ് USSR ന്റെ തകർച്ചയ്ക്ക് കാരണമായത്' - വിലയിരുത്തുക.
2. സോവിയറ്റ് യൂണിയന്റെ തകർച്ച ലോകരാഷ്ട്രീയത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എഴുതാം.

**ഒറ്റനോട്ടത്തിൽ**

ശീതസമരം അവസാനിച്ചു, ഏകധ്രുവലോകം, നവ സാമ്രാജ്യത്വം.

**പഠനനേട്ടം**

നവസാമ്രാജ്യത്വം ഇന്ത്യയെപോലുള്ള രാജ്യങ്ങളെ എങ്ങനെ ബാധിക്കുന്നു എന്ന കണ്ടെത്തുന്നു

### പ്രവർത്തനം

നവസാമ്രാജ്യത്വം മൂന്നാംലോക രാജ്യങ്ങളുടെ സാമ്പത്തിക മേഖലയെ ബാധിച്ചതെങ്ങനെയെന്നു വിശദീകരിക്കാം.

- മൂന്നാം ലോക രാഷ്ട്രങ്ങളിൽ ബഹുരാഷ്ട്രകമ്പനികൾ മത്സരിച്ചു.
- 
- 
- 

### ഒറ്റനോട്ടത്തിൽ

- പുതിയ ഉപഭോഗസംസ്കാരം വളർന്നു വന്നു.
- വികസ്വര രാഷ്ട്രങ്ങൾ ബഹുരാഷ്ട്ര കമ്പനികളുടെ കമ്പോളങ്ങളായി.
- വികസിത രാഷ്ട്രങ്ങളുടെ ഉൽപ്പന്നങ്ങൾ വികസ്വര രാജ്യങ്ങളുടെ ഗ്രാമങ്ങളിൽ
- തദ്ദേശീയ സാമ്പത്തിക മേഖല തകർത്തു.

### പ്രവർത്തനം

താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്താം.

- സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചു.
- രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആഗോള സമ്പദ്ഘടനയുമായി ബന്ധിപ്പിച്ചു.
- ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കി.

### ഒറ്റനോട്ടത്തിൽ

- സ്വകാര്യവൽക്കരണം
- ആഗോളവൽക്കരണം
- ഉദാരവൽക്കരണം

### എഴുതാം; വിലയിരുത്താം

1. നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

| ആഗോളവൽക്കരണം | സ്വകാര്യവൽക്കരണം | ഉദാരവൽക്കരണം |
|---|---|---|
| | | |

അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക്, ലോകവ്യാപാര സംഘടന തുടങ്ങിയവയുടെ പ്രധാന ലക്ഷ്യം.

**ഒറ്റനോട്ടത്തിൽ**

ആഗോളവൽക്കരണത്തിന് അനുസൃതമായ നയങ്ങൾ രൂപവൽക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു

## എഴുതാം; വിലയിരുത്താം

1. ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സ്ഥാപനങ്ങൾ ഏവ?

## പ്രവർത്തനം

ആഗോളവൽക്കരണത്തിന്റെ ഗുണങ്ങളും ദോഷങ്ങളുമായി ബന്ധപ്പെട്ട വസ്തുതകൾ ചുവടെ നൽകിയിട്ടുണ്ട്. അവ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്താം.

**സൂചകം**

a. വിവരവിനിമയ സങ്കേതികവിദ്യയുടെ വ്യാപനം

b. പൊതുമേഖല സ്ഥാപനങ്ങൾ തകർന്നു.

c. കാർഷികോൽപന്നങ്ങൾക്ക് വിലയിടിഞ്ഞു.

d. ആഗോളഗ്രാമം എന്ന ആശയം രൂപം കൊണ്ടു.

e. വിദേശ മൂലധനനിക്ഷേപം വ്യാപകമായി.

f. തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ച

**ഒറ്റനോട്ടത്തിൽ**

| ഗുണങ്ങൾ | ദോഷങ്ങൾ |
|---|---|
| a, d, e, | b, c, f |

യൂണിറ്റ് 3



# പൊതുഭരണം

ഒരു രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് വേണ്ടി ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നു പറയുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ കേന്ദ്രസർക്കാർവരെയുള്ള പൊതുഭരണത്തിന്റെ വിവിധ തലങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും പ്രാധാന്യത്തെയും സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്ന ഒരു യൂണിറ്റാണിത്.

## പഠനനേട്ടം

പൊതുഭരണത്തെ നിർവചിക്കുന്നു.

## പ്രവർത്തനം

പൊതുവായത് എന്നാൽ ജനങ്ങൾക്കെല്ലാം തുല്യമായി അവകാശപ്പെട്ടത് എന്നാണർഥം. അത്തരത്തിൽ ജനങ്ങൾക്ക് തുല്യമായി അവകാശപ്പെട്ടത് സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. ഈ അർഥത്തിൽ പരിശോധിച്ചാൽ പൊതുഭരണത്തിന് എന്തുനിർവചനമാണ് നൽകാൻ കഴിയുക എന്ന് കണ്ടെത്താം.

## ഒറ്റനോട്ടത്തിൽ

- പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.
- രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണമെന്നു പറയുന്നു.

## എഴുതാം വിലയിരുത്താം

- പൊതുഭരണം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

## ഒറ്റനോട്ടത്തിൽ

- കൃഷി പ്രോത്സാഹിപ്പിക്കുന്നു
- ക്രമസമാധാനം പാലിക്കുന്നു.

- വാർത്താ വിനിമയത്തെ സഹായിക്കുന്നു
- റവന്യൂ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

### പഠനനേട്ടം

പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

### പ്രവർത്തനം

രാജഭരണം, ജനാധിപത്യം എന്നീ ഭരണരീതികളിൽ പൊതുവേ കാണുന്ന വ്യത്യാസങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

| രാജഭരണം | ജനാധിപത്യം |
|---|---|
| ● രാജാവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു | ● ജനങ്ങളുടെ താൽപര്യങ്ങൾ പരിഗണിക്കപ്പെടുന്നു. |
| ● | ● |
| ● | ● |
| | ● |

### ഒറ്റനോട്ടത്തിൽ


- രാജഭരണ സമ്പ്രദായത്തിൽ നിയമം നിർമ്മിക്കുന്നതും നടപ്പാക്കുന്നതും രാജാവുതന്നെ.
- ഏകാധിപത്യ ഭരണസംവിധാനം പലപ്പോഴും ജനങ്ങളുടെ താൽപര്യങ്ങൾ അവഗണിക്കപ്പെടുന്നു.
- ജനാധിപത്യ സമ്പ്രദായത്തിൽ നിയമം നിർമിക്കുന്നത് ജനപ്രതിനിധികളാണ്.
- ഈ വ്യവസ്ഥയിൽ നിയമം നടപ്പാക്കുന്നതിനും അതു വ്യാഖ്യാനിക്കുന്നതിനും പ്രത്യേകം സ്ഥാപനങ്ങളുണ്ട്.
- ജനങ്ങളുടെ ക്ഷേമമാണ് ജനാധിപത്യത്തിന്റെ ലക്ഷ്യം.

### എഴുതാം; വിലയിരുത്താം

- രാജഭരണവും ജനാധിപത്യവും തമ്മിൽ അടിസ്ഥാനപരമായി എന്തെല്ലാം വ്യത്യാസങ്ങളുണ്ടെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

### പ്രവർത്തനം

പദസൂര്യൻ പൂർത്തിയാക്കുക.




**ഒറ്റനോട്ടത്തിൽ**

- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
- ജനക്ഷേമം ഉറപ്പാക്കുന്നു.
- ജനകീയപ്രശ്നങ്ങൾക്കുപരിഹാരം കാണുന്നു.

**എഴുതാം; വിലയിരുത്താം**


- പൊതുഭരണത്തിന്റെ പ്രാധാന്യം വിശദമാക്കുക.

**പഠനനേട്ടം**

ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഘടനയും പ്രത്യേകതകളും വിശദമാക്കുന്നു.

**പ്രവർത്തനം**

ഏറ്റവും ഉയർന്നതലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെതലങ്ങളിലേക്കു വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന ഒരു ഘടനയാണ് ഇന്ത്യൻ ഉദ്യോഗസ്ഥവൃന്ദത്തിനുള്ളത്. മറ്റു സവിശേഷതകൾ കണ്ടെത്തികുറിക്കുക.



- സ്ഥിരത
- രാഷ്ട്രീയ നിഷ്പക്ഷത
- യോഗ്യത അടിസ്ഥാനമാക്കി നിയമനം
- വൈദഗ്ധ്യം

### എഴുതാം; വിലയിരുത്താം

- ഇന്ത്യൻ ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

### പഠനനേട്ടം

പൊതുഭരണരംഗത്തെ കാര്യക്ഷമത വർധിപ്പിക്കാനുള്ള നടപടികൾ വിശകലനം ചെയ്യുന്നു.

### പ്രവർത്തനം

ഭരണനവീകരണത്തിന്റെ ലക്ഷ്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്താം.

ഭരണനവീകരണത്തിന്റെ ലക്ഷ്യങ്ങൾ

| |
|---|
| • ഭരണ നിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുക. |
| • <br> • |



### ഒറ്റനോട്ടത്തിൽ

- കാലതാമസം കൂടാതെ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.
- ഭരണം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദപരവുമാക്കുക.

### എഴുതാം; വിലയിരുത്താം


- ഭരണ നവീകരണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ കണ്ടെത്തി എഴുതുക.

### പഠനനേട്ടം

ഗവൺമെന്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിനുള്ള പങ്ക് വിലയിരുത്തുന്നു.

### പ്രവർത്തനം

ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ-ഗവണേൻസ്. ഇതുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെല്ലാം നേട്ടമുണ്ടാക്കുന്നു എന്നന്വേഷിച്ച് കുറിപ്പ് പൂർത്തിയാക്കാം.




## ഒറ്റനോട്ടത്തിൽ

- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.

## എഴുതാം; വിലയിരുത്താം

- ഇ-ഗവേണൻസ് പൊതുജനങ്ങൾക്ക് എന്തെല്ലാം നേട്ടങ്ങളുണ്ടാക്കുന്നു എന്നെഴുതുക.
- കുറഞ്ഞ ചെലവിലും സമയലാഭത്തിലും സേവനം ലഭ്യമാക്കുന്നതാണ് ഇ-ഗേവണൻസ് - വ്യക്തമാക്കുക.

## പഠനനേട്ടങ്ങൾ

- അറിയാനുള്ള അവകാശത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.
- സേവനാവകാശനിയമത്തിന്റെ സാധ്യതകൾ വിലയിരുത്തുന്നു.

## പ്രവർത്തനം

2005 - ലെ വിവരാവകാശ നിയമമാണ് ആളുകൾക്ക് അറിയാനുള്ള അവസരം ലഭ്യമാക്കിയത്.

സേവനാവകാശ നിയമത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്താം.

## ഒറ്റനോട്ടത്തിൽ

- സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്നു.
- 
- 
- 

- ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങളുടെ കാലപരിധി നിശ്ചയിച്ചിട്ടുണ്ട്.
- അർഹതപ്പെട്ട സേവനം നിശ്ചിതകാലത്തിനകം നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പിഴ ഒടുക്കണം.

- സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലും അപേക്ഷകർക്ക് മാർഗനിർദ്ദേശം നൽകുന്നതിനും സഹായിക്കുന്നതിനുമായി ഒരുദ്യോഗസനെ നിയമിച്ചിട്ടുണ്ടാകും.

## എഴുതാം; വിലയിരുത്താം

- വിവരാവകാശ നിയമത്തിന്റെ ലക്ഷ്യം കണ്ടെത്തി എഴുതുക.
- വിവരാവകാശ നിയമത്തിന്റെ സാധ്യതകളും അതിന്റെ പ്രയോജനവും വിശദമാക്കുക.
- വിവരാവകാശ നിയമം ഭരണരംഗത്തെ സുതാര്യത ഉറപ്പാക്കുന്നതെങ്ങനെ എന്നു വ്യക്ത മാക്കുക.

## പഠനനേട്ടം

രാജ്യത്തെ വിവിധ രംഗങ്ങളിലെ അഴിമതി തടയുന്നതിന് കൈക്കൊണ്ടിട്ടുള്ള പ്രധാന സംവിധാനങ്ങൾ വിലയിരുത്തുന്നു.

## പ്രവർത്തനം

ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി സമൂഹത്തെ ബാധിച്ചുകൊണ്ടിരിക്കുന്ന വലിയ ദുരന്തമാണ്. ഇത്തരം അഴിമതികളെ തടയുന്നതിന് നിലവിലുള്ള ചില സംവിധാനങ്ങൾ പരിചയപ്പെടാം.

- ദേശീയതലത്തിൽ അഴിമതി തടയുന്നതിനായി രൂപംനൽകിയ സ്ഥാപനം.
- സംസ്ഥനതലത്തിൽ അഴിമതിക്കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനം.
- കേന്ദ്ര ഗവൺമെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ട അഴിമതി തടയുന്നതിനുവേണ്ടി രൂപം നൽകിയ സ്ഥാപനം.
- ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരായ പരാതി പരിഹരിക്കുന്ന സംവിധാനം.



## ഒറ്റനോട്ടത്തിൽ

- ലോക്പാൽ
- ലോകായുക്ത
- സെൻട്രൽ വിജിലൻസ് കമ്മീഷൻ
- ഓംബുഡ്സ്മാൻ

## എഴുതാം; വിലയിരുത്താം

- ഇന്ത്യയിൽ ഭരണതലത്തിലുള്ള അഴിമതി തടയാൻ കൊണ്ടുവന്ന നടപടികൾ പട്ടികപ്പെടുത്തുക.
- ഓംബുഡ്സ്മാൻ സംവിധാനംകൊണ്ട് പൊതുജനങ്ങൾക്കുള്ള പ്രയോജനങ്ങൾ എന്തൊക്കെയായിരിക്കും? കുറിപ്പെഴുതുക.
- കേന്ദ്ര വിജിലൻസ് കമ്മീഷന്റെ ചുമതല കണ്ടെത്തി എഴുതുക.




# ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പുകളും

ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിച്ച ദുരിതങ്ങളും അതിനെതിരെ നടന്ന ചെറുത്തുനിൽപ്പുസമരങ്ങളും ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് വഴിയൊരുക്കിയത് ഈ യൂണിറ്റ് ചർച്ച ചെയ്യുന്നു.

## പഠന നേട്ടം

ബ്രിട്ടീഷ് നികുതി നയങ്ങൾ കർഷകരെ ദാരിദ്ര്യത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

ബ്രിട്ടീഷ് നികുതിസമ്പ്രദായ സവിശേഷതകളുടെ ഫ്ളോചാർട്ട് തയ്യാറാക്കാം.

നികുതിസമ്പ്രദായം - സവിശേഷതകൾ

| | | |
|---|---|---|
| ↓ | ↓ | ↓ |
| ശാശ്വത ഭൂനികുതി വ്യവസ്ഥ (സെമിന്ദാരി) | റയട്ട്വാരി | മഹൽവാരി |
| ↓ | ↓ | ↓ |
| ബംഗാൾ, ബീഹാർ, ഒറീസ | ദക്ഷിണേന്ത്യ | വടക്കുപടിഞ്ഞാറൻ ഇന്ത്യ |
| A ↓ | B ↓ | C ↓ |
| - - - - | - - - - | - - - - |
| ↓ | ↓ | ↓ |
| - - - - | - - - - | - - - - |
| ↓ | ↓ | ↓ |
| - - - - | - - - - | - - - - |
| ↓ | ↓ | ↓ |
| - - - - | - - - - | - - - - |
| ↓ | ↓ | ↓ |
| കടവും പലിശയും നൽകാൻ കഴിയാതെ കർഷകർ കുടിയാന്മാരായി | കടവും പലിശയും നൽകാൻ കഴിയാതെ കർഷകർ കുടിയാന്മാരായി | കടവും പലിശയും നൽകാൻ കഴിയാതെ കർഷകർ കുടിയാന്മാരായി |

**ഉത്തര സൂചിക**

| A | B | C |
|---|---|---|
| സെമീന്ദാർമാർ നികുതി പിരിച്ചു | കമ്പനി ഉദ്യോഗസ്ഥർ നികുതി പിരിച്ചു | ഗ്രാമത്തലവന്മാർ നികുതി പിരിച്ചു |
| കർഷകർ ഉല്പാദനത്തിന്റെ 60% വരെ നികുതി കൊടുത്തു. | നികുതി നിരക്ക് അമിതം | നികുതി നിരക്ക് അമിതം |
| സെമീന്ദാർ ഭൂ ഉടമയായി മാറി | നികുതി ഇടക്കിടെ വർദ്ധിപ്പിച്ചു | ഗ്രാമത്തെ യൂണിറ്റാക്കി നികുതി പിരിച്ചു. |
| കൃഷി നശിച്ചാലും നികുതി പണമായി നൽകണം | കൃഷി നശിച്ചാലും നികുതി പണമായി നൽകണം. | കൃഷി നശിച്ചാലും നികുതി പണമായി നൽകണം |

**ഒറ്റനോട്ടത്തിൽ**

ഈ നികുതിനയങ്ങൾ ഗ്രാമീണ ജീവിതം ദുരിതപൂർണമാക്കി.

**എഴുതാം; വിലയിരുത്താം**

ബ്രിട്ടീഷ് നികുതി നയങ്ങൾ കർഷകരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിന് തള്ളി വിട്ടതെങ്ങനെ?

**പഠനനേട്ടം**

ബ്രിട്ടീഷ് ഭൂനികുതി നയങ്ങൾ കൃഷിയുടെ വാണിജ്യവൽക്കരണത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് തിരിച്ചറിയുന്നു.

**പ്രവർത്തനം**

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഏതൊക്കെ വിളകൾ എവിടെയെല്ലാം കൃഷിചെയ്തിരുന്നു എന്ന് കണ്ടെത്താം.

| വിളകൾ | കൃഷിചെയ്ത പ്രദേശം |
|---|---|
| നീലം | A...................... |
| B ........... | മഹാരാഷ്ട്ര, പഞ്ചാബ് |
| കരിമ്പ് | C................. |
| D............... | ആസാം, E ................. |
| ചണം | F............... |
| G......... | പഞ്ചാബ് |

**ഉത്തരസൂചിക**

A - ബീഹാർ, ബംഗാൾ B- പരുത്തി C- ഉത്തർപ്രദേശ് D -തേയില E - കേരളം

F - ബംഗാൾ G -ഗോതമ്പ്

**ഒറ്റനോട്ടത്തിൽ**

പരമ്പരാഗതമായി കുടുംബത്തിനും ഗ്രാമത്തിനും മാത്രമായി കൃഷി ചെയ്തുവന്ന ഇന്ത്യൻ കർഷകർ, ബ്രിട്ടീഷ് ഭരണത്തിൽ വിപണിലക്ഷ്യമാക്കി ഭക്ഷ്യവിളകൾക്ക് പകരം നാണ്യ വിളകൾ കൃഷി ചെയ്യാൻ തുടങ്ങി. ഇത് കാർഷിക മേഖലയെ വാണിജ്യവൽക്കരിച്ചു.

**എഴുതാം; വിലയിരുത്താം**

കൃഷിയുടെ വാണിജ്യവൽക്കരണമെന്നാലെന്ത്?

**പഠന നേട്ടം**

ബ്രിട്ടീഷ് നയങ്ങൾ ഗോത്രജനതയുടെ ജീവിതത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിശദീകരിക്കുന്നു.

**പ്രവർത്തനം**

1859 ൽ ബംഗാളിലെ നീലം കർഷകരെ കലാപത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് കണ്ടെത്തി കളം നിറക്കാം.

| A | | B | | C | | D | | E | | F | | G | | H |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നിശ്ചിത തീയതിക്ക് തന്നെ നികുതി നൽകണമായിരുന്നു | → | | → | | → | | → | | → | | → | | → | കർഷകരുടെ അവസ്ഥ കൂടുതൽ ദുരിതത്തിലായി |

**ഉത്തരസൂചിക**

B - വില കൂടുതൽ ലഭിക്കുന്ന വിള കൃഷി ചെയ്യാൻ നിർബന്ധിതരായി

C- ഇംഗ്ലണ്ടിലെ തുണിവ്യവസായത്തിന്റെ പുരോഗതി നീലത്തിന്റെ വില കൂട്ടി.

D- നീലം കൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് പണം മുൻകൂറായി നൽകി.

E - ഭക്ഷ്യവിളകൾ കൃഷി ചെയ്തിരുന്ന സ്ഥലത്തും നീലം കൃഷി ചെയ്യാൻ തുടങ്ങി.

F- വിളവെടുപ്പ് സമയത്ത് ഏജന്റുമാർ വില കുറച്ചു.

G - കൃത്രിമ ചായങ്ങൾ വന്നതോടെ നീലത്തിന് ആവശ്യക്കാരില്ലാതായി

**ഒറ്റനോട്ടത്തിൽ**

ദുരിതങ്ങളും ചൂഷണവും നീലം കർഷകരെ കലാപത്തിന് പ്രേരിപ്പിച്ചു.

**എഴുതാം; വിലയിരുത്താം**

നീലം കർഷകരെ കലാപത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏവ?

**പ്രവർത്തനം**

19-ാം നൂറ്റാണ്ടിൽ കേരളത്തിൽ നടന്ന രണ്ട് കലാപങ്ങൾ താരതമ്യം ചെയ്ത് വിട്ടുപോയത് പൂരിപ്പിക്കാം

| മാപ്പിള കലാപം | കുറിച്യകലാപം |
|---|---|
| ബ്രിട്ടീഷ് പിന്തുണയോടെ ജന്മിമാർ നടത്തിയ കുടിയൊഴിപ്പിക്കൽ | A .................... (കാരണം) |
| B ....................... (കാരണം) | അമിത നികുതി പണമായി അടക്കാൻ നിർബന്ധിച്ചത് |
| C .......................... (നേതൃത്വം) | D ............................. (കാരണം) |

**ഉത്തരസൂചിക**

A- നികുതി അടക്കാത്തവരുടെ ഭൂമി പിടിച്ചെടുത്തത്

B - തെറ്റായ ബ്രിട്ടീഷ് നികുതി നയം

C - മലബാറിലെ പാട്ടക്കുടിയാന്മാരായ മുസ്ലീം കർഷകർ

D - ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത്

**എഴുതാം; വിലയിരുത്താം**


കുറിച്യ ജനതയെ കലാപത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദീകരിക്കുക.

**പ്രവർത്തനം**

രാജ് മഹൽ കുന്നുകളിലെ സന്താൾ ഗോത്രജനതയുടെ ജീവിത ഉപാധികൾ കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കാം.

**ഉത്തരസൂചിക**

- കന്നുകാലി വളർത്തൽ
- പുനം കൃഷി
- വേട്ടയാടൽ



വന വിഭവങ്ങൾ ശേഖരിക്കൽ

**പ്രവർത്തനം**

സന്താളുകൾ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്താൻ ഇടയാക്കിയ കാരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കാം.

- ബ്രിട്ടീഷ് വനനിയമങ്ങൾ ഗോത്രജീവിതം ദുസ്സഹമാക്കി
- ..................................................................................................................
- ..................................................................................................................
- ..................................................................................................................

**ഉത്തരസൂചിക**

- തോട്ടം വ്യവസായം, കപ്പൽ നിർമ്മാണം, റെയിൽപ്പാത നിർമ്മാണം എന്നിവയ്ക്ക് വേണ്ടി മരം മുറിച്ചുമാറ്റി.

- സെമീന്ദാർമാരും കൊള്ളപ്പലിശക്കാരും ഭൂമി കയ്യടക്കി
- വനവിഭവങ്ങളുടെ മേൽ ഉയർന്ന നികുതി ചുമത്തി.

**പ്രവർത്തനം**

19-ാം നൂറ്റാണ്ടിലെ ഗോത്രവർഗ കലാപങ്ങൾ പട്ടികപ്പെടുത്താം.

| | |
|---|---|
| A സന്താൾ കലാപം | B ..................... |
| C ......................... | D ................. |
| E ............... | C ................... |
| G ....................... | |

**ഉത്തരസൂചിക**

B- കുറിച്യ കലാപം C- പഹാരിയ കലാപം D- ഭീൽ കലാപം E- കോൾ കലാപം

F - മുണ്ടകലാപം G-ഖാസി കലാപം

**ഒറ്റനോട്ടത്തിൽ**

ബ്രിട്ടീഷ് ചൂഷണം ഗോത്ര ജനജീവിതം തകർത്തു.

**എഴുതാം; വിലയിരുത്താം**

ബ്രിട്ടീഷ് നയങ്ങൾ ഗോത്ര ജനജീവിതത്തിൽ ഉണ്ടാക്കിയ ആഘാതങ്ങൾ ഏവ?

**പഠന നേട്ടം**

കരകൗശല വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ വിശകലനം ചെയ്യുന്നു.

**പ്രവർത്തനം**

ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങളും അതിന്റെ പ്രത്യാഘാതങ്ങളും കണ്ടെത്തി പട്ടിക പൂർത്തിയാക്കാം.

| കാരണങ്ങൾ A | പ്രത്യാഘാതങ്ങൾ B |
|---|---|
| ● യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി | ● തുണിത്തരനിർമാണകേന്ദ്രങ്ങൾ |
| ● ................................. | ● ............................. |
| ● .................................. | ● ............................ |
| ● ...................................... | ● .................................... |
| ● ..................................... | ● .................................... |

**ഉത്തരസൂചിക**

| A | B |
|---|---|
| ● യന്ത്രനിർമ്മിത തുണിത്തരങ്ങളുടെ വിലക്കുറവ് | ● തൊഴിലാളികൾ ഗ്രാമത്തിലേക്ക് കുടിയേറി കാർഷികമേഖലയിലെത്തി |
| ● തുണിത്തരങ്ങൾ റയിൽവേ വഴി ഗ്രാമങ്ങളിലെത്തി | ● കൃഷിക്കാരുടെ എണ്ണത്തിൽ വർദ്ധന |
| ● ഗ്രാമങ്ങളിലെ പരുത്തി ശേഖരിച്ച് തുറമുഖങ്ങളിലെത്തിച്ചത് | ● കൃഷിയിടം ചെറിയ തുണ്ടുകളായി മാറി |
| ● ഉദ്യോഗസ്ഥരുടെ പീഡനവും ചൂഷണവും | ● ഉല്പാദനം കുറഞ്ഞു |

**പ്രവർത്തനം**

ഇന്ത്യയിലെ ഗ്രാമീണ വ്യവസായങ്ങളും അവയുടെ തകർച്ചയ്ക്കുള്ള കാരണങ്ങളുടേയും പട്ടിക പൂർത്തിയാക്കാം.

| ഗ്രാമീണ വ്യവസായം | തകർച്ചക്കുള്ള കാരണം |
|---|---|
| 1. മൺപാത്ര നിർമ്മാണം | 1. അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി |
| 2. തുകൽപ്പണി | 2. ............................ |
| 3. മരപ്പണി | 3 ....................... |

**ഉത്തരസൂചിക**

2 – അസംസ്കൃത വസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി

3 – ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം

**ഒറ്റനോട്ടത്തിൽ**

കാർഷിക - കരകൗശലമേഖലകളുടെ തകർച്ച ക്ഷാമത്തിലേക്കും പട്ടിണിമരണത്തിലേക്കും ഇന്ത്യയെ തള്ളിവിട്ടു.

**എഴുതാം; വിലയിരുത്താം**

ഇന്ത്യയിലെ ഗ്രാമീണ കരകൗശല മേഖലയുടെ തകർച്ചയുടെ കാരണങ്ങളേവ?

**പഠനനേട്ടം**

ചോർച്ചാസിദ്ധാന്തം വിശകലനം ചെയ്ത് അത് ഇന്ത്യാക്കാരിൽ ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തിയതെങ്ങനെയെന്ന് വിശദീകരിക്കുന്നു.

**പ്രവർത്തനം**

ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ഒഴുക്കുന്ന ചോർച്ചാസിദ്ധാന്തത്തെക്കുറിച്ച് പദസൂര്യൻ പൂർത്തിയാക്കാം.




**ഉത്തരസൂചിക**

- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും
- ബ്രിട്ടീഷ് ഉല്പന്നങ്ങൾ വിൽക്കുന്നതിലൂടെ ലഭിച്ച ലാഭം
- ഇന്ത്യയിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി



**ഒറ്റനോട്ടത്തിൽ**

ബ്രിട്ടനിലേക്ക് വൻതോതിൽ സമ്പത്ത് ഒഴുക്കുന്നുണ്ടെന്ന് ദാദാഭായി നവറോജി സമർത്ഥിച്ചു.

**എഴുതാം; വിലയിരുത്താം**

ചോർച്ചാസിദ്ധാന്തം വിശദമാക്കുക.

**പഠന നേട്ടം**

സ്വദേശി സമരകാലത്തെ ചെറുത്തുനിൽപ്പുകൾ വിശകലനം ചെയ്യുന്നു.

**പ്രവർത്തനം**

A കോളത്തിനനുയോജ്യമായവ B, C കോളങ്ങളിലുള്ളവ ക്രമപ്പെടുത്താം.

| | A | B | C |
|---|---|---|---|
| 1. | കഴ്സൺ പ്രഭു | പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ | ബാലഗംഗാധര തിലക് |
| 2. | ലോകമാന്യ | ബംഗാൾ വിഭജനം | ചോർച്ചാസിദ്ധാന്തം |
| 3. | ഇന്ത്യൻ നാഷണൽ കോൺഗ്രസ് | ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് | ബോംബെ |
| 4. | ദാദാഭായി നവറോജി | 1885 | 1905 |

**ഉത്തരസൂചിക**

| A | B | C |
|---|---|---|
| 1. കഴ്സൺ പ്രഭു | ബംഗാൾ വിഭജനം | 1905 |
| 2. ലോകമാന്യ | ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് | ബാലഗംഗാധര തിലകൻ |
| 3. ഇന്ത്യൻ നാഷണൽ കോൺഗ്രസ് | 1885 | ബോംബെ (മുംബൈ) |

| | | |
|---|---|---|
| 4. ദാദാഭായി നവറോജി | പോവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ | ചോർച്ചാ സിദ്ധാന്തം |

### ഒറ്റനോട്ടത്തിൽ

ഈ ചെറുത്തു നിൽപ്പുകൾ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി.

### എഴുതാം; വിലയിരുത്താം

സ്വദേശി പ്രസ്ഥാനം ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കിയതെങ്ങനെ?

### പഠന നേട്ടം

1857 ലെ കലാപത്തിന്റെ കാരണങ്ങൾ തിരിച്ചറിയുന്നു.

പട്ടിക പൂർത്തിയാക്കാം.

| കർഷക ദുരിതം | ശിപായിമാരുടെ ദുരിതം | കരകൗശല തൊഴിലാളി കളുടെ ദാരിദ്ര്യം | രാജാക്കൻമാരുടെ പ്രശ്നങ്ങൾ |
|---|---|---|---|
| .......................... | .......................... | .......................... | .......................... |
| .......................... | .......................... | .......................... | .......................... |
| .......................... | .......................... | .......................... | .......................... |
| എ | ബി | സി | ഡി |

**ഉത്തരസൂചിക**

| എ | ബി | സി | ഡി |
|---|---|---|---|
| ഉയർന്ന ഭൂനികുതി | തുച്ഛമായ ശമ്പളം | വിദേശ വസ്തുക്കളുടെ ഇറക്കുമതി | സൈനിക സഹായ വ്യവസ്ഥ |
| കൊള്ളപ്പലിശ ക്കാരുടെ ചൂഷണം | ബ്രിട്ടീഷ് ഉദ്യോഗസ്ഥ രുടെ അവഹേളനം | കരകൗശലക്കാർ തൊഴിൽരഹിതരായി | ദത്തവകാശ നിരോധന നിയമം |
| കൃഷിയിടം നഷ്ടമായി | പശുവിന്റേയും പന്നി യുടേയും കൊഴുപ്പു പുരട്ടിയ തിരകൾ | പരമ്പരാഗത വ്യവ സായങ്ങളുടെ തകർച്ച | നാട്ടുരാജ്യങ്ങൾ പിടിച്ചടക്കി. |

### പ്രവർത്തനം

1857 ലെ സ്വാതന്ത്ര്യസമര കേന്ദ്രങ്ങളുടേയും നേതാക്കളുടേയും പട്ടിക പൂർത്തിയാക്കാം

| സ്ഥലം | നേതാക്കൾ |
|---|---|
| ഡൽഹി | A |
| B | റാണിലക്ഷ്മിഭായി |
| ലക്നൗ | C |
| D | നാനാസാഹേബ്, താന്തിയാതോപ്പി |
| ഫൈസലാബാദ് | E |

**ഉത്തരസൂചിക**

A. ബഹദൂർഷാ
B. ത്സാൻസി
C. ബീഗം ഹസ്രത്ത് മഹൽ
D. കാൺപൂർ
E. മൗലവി അഹമ്മദുള്ള

## ഒറ്റനോട്ടത്തിൽ

ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ അന്യായ ഭൂനികുതി ഇന്ത്യൻ കാർഷിക മേഖലയേയും ആധുനിക നിർമ്മിത വസ്തുക്കളുടെ ഇറക്കുമതിയേയും ഗ്രാമീണ വ്യവസായങ്ങളേയും തകർത്തു. നീലം, സന്താൾ, മാപ്പിള, കുറിച്യകലാപങ്ങൾ - ഇതിനെതിരായ ചെറുത്തുനിൽപ്പു സമരങ്ങളാണ്. ഇന്ത്യൻ നാട്ടുരാജ്യങ്ങൾ കയ്യടക്കുക എന്ന ബ്രിട്ടീഷ് നയത്തിനെതിരെ നടന്ന ചെറുത്തുനില്പാണ് 1857 ലെ കലാപം. സാമ്പത്തിക ചൂഷണവും രാഷ്ട്രീയാധിപത്യ ശ്രമങ്ങളും ദേശീയതയുടെ വളർച്ചയ്ക്ക് വഴിയൊരുക്കി.

## എഴുതാം; വിലയിരുത്താം

1 - ബ്രിട്ടീഷ് നികുതി നയങ്ങളുടെ സവിശേഷതകൾ വിശദമാക്കുക

2.- ശാശ്വത ഭൂനികുതി വ്യവസ്ഥ എന്നാലെന്ത്?

3 - കൃഷിയുടെ വാണിജ്യവൽക്കരണമെന്നാലെന്ത്?

4 - നീലം കർഷകരുടെ കലാപത്തിനിടയാക്കിയ സാഹചര്യങ്ങൾ വിലയിരുത്തുക.

5 - 1812 ലെ കുറിച്യകലാപത്തിന്റെ 3 കാരണങ്ങൾ എഴുതുക.

6 - ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തുക.

7 - ലാൽ, ബാൽ, പാൽ എന്നറിയപ്പെടുന്നവർ ആരെല്ലാം?

8 - 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ എന്തെല്ലാം?

9 - A കോളത്തിനു അനുയോജ്യമായി B, C കോളങ്ങൾ ക്രമപ്പെടുത്തുക.

| A | B | C |
|---|---|---|
| വില്യം ലോഗൻ | 1812 | 1905 |
| രാമൻ തമ്പി | മലബാർ | 1857 |
| കഴ്സൺ പ്രഭു | ബോംബേ | കുറിച്യകലാപം |
| മംഗൽപാണ്ഡെ | ബംഗാൾവിഭജനം | 1885 |
| ഇന്ത്യൻനാഷണൽ കോൺഗ്രസ് | ബാരക്പൂർ | മാപ്പിള കലാപം |

യൂണിറ്റ് 6



# സമരവും സ്വാതന്ത്ര്യവും

വിദ്യാസമ്പന്നരിലും നഗരങ്ങളിലും മാത്രമായി ഒതുങ്ങി നിന്ന ദേശീയ പ്രസ്ഥാനത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റിയത് ഗാന്ധിജിയുടെ നേതൃത്വമാണ്. സഹനസമരവും സമര തീഷ്ണതയും സമരസപ്പെടുന്ന ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ അനേകരുടെ ത്യാഗവും രക്തസാക്ഷിത്വവുമാണ് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. അവരോട് ആദരവും ബഹുമാനവും കുട്ടികളിൽ വളർത്താൻ ഈ പാഠത്തിലൂടെ നമുക്ക് കഴിയണം.

### പഠന നേട്ടം

ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം പ്രാദേശിക പ്രശ്നങ്ങളിൽ ഇടപെട്ട സാഹചര്യം വിലയിരുത്തുന്നു.

### പ്രവർത്തനം

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ കാരണം, സ്ഥലം, ഫലം എന്നിവയുടെ പട്ടിക പൂർത്തിയാക്കാം.

| **സമരങ്ങൾ** | A | തുണിമിൽ സമരം | B |
|---|---|---|---|
| **സ്ഥലം** | ചമ്പാരൻ | C | ഖേഡ |
| **കാരണം** | നീലം കർഷകരുടെ ദുരിതം | D | വരൾച്ചമൂലം ദുരിതം |
| **ഫലം** | E | ശമ്പള വർദ്ധനവിന് സമ്മതിച്ചു | F |



### ഒറ്റനോട്ടത്തിൽ

A നീലം കർഷക സമരം  B. കർഷക സമരം  C. അഹമ്മദാബാദ്

D. പ്ലേഗ് ബോണസ് നിർത്തലാക്കി

E. നീലം കർഷകർക്ക് അനുകൂല നിയമം പാസ്സാക്കി  F. നികുതി ഇളവ് അനുവദിച്ചു.

### എഴുതാം; വിലയിരുത്താം

ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ ഏതെല്ലാം? പട്ടികപ്പെടുത്തുക.

**പഠനനേട്ടം**

ഗാന്ധിജി ഇന്ത്യൻ ദേശീയ സമരത്തിന്റെ നേതൃത്വത്തിൽ എത്തിച്ചേർന്ന പശ്ചാത്തലം വിശദമാക്കുന്നു.

**പ്രവർത്തനം**

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തി കളം നിറയ്ക്കാം.

| A | → | B | → | C | → | D |
|---|---|---|---|---|---|---|
| | | | | | | എല്ലാ വിഭാഗങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി |

**ഒറ്റനോട്ടത്തിൽ**

A. ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാർക്ക് പരിചിതമായി.

B. വിദ്യാസമ്പന്നരിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാനം സാധാരണക്കാരുടേയും പ്രസ്ഥാനമായി മാറി.

C. പട്ടണങ്ങളിൽ ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാനത്തിന് ഗ്രാമങ്ങളിലും വേരോട്ടമുണ്ടായി.

**എഴുതാം; വിലയിരുത്താം**

ഇന്ത്യൻ ജനസമൂഹത്തിന്റെ നേതാവായി ഗാന്ധിജി മാറിയതെങ്ങനെ?

**പഠനനേട്ടം**

ജാലിയൻവാലാബാഗ് സംഭവം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് തിരിച്ചറിയുന്നു.

**പ്രവർത്തനം**

റൗലറ്റ് നിയമത്തിന്റെ കൂടുതൽ സവിശേഷതകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കാം.

1. 1919 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കി.
2. ....................................................................................................................
3. ....................................................................................................................

**ഒറ്റനോട്ടത്തിൽ**

(2) ആരേയും അറസ്റ്റ് ചെയ്യാം

(3) വിചാരണ കൂടാതെ ജയിലിലടയ്ക്കാം

## പ്രവർത്തനം

താഴെ പറയുന്നവ യോജിച്ച ജോഡികളാക്കി എഴുതാം

[പൗരാവകാശ നിയന്ത്രണം, ജനറൽ ഡയർ, സെയ്ഫുദ്ദീൻ കിച്ച്ലു - റൗലറ്റ് നിയമം, ജാലിയൻ വാലാബാഗ്, റൗലറ്റ് വിരുദ്ധ സമരം]

## ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പൗരാവകാശ നിയന്ത്രണം | - | റൗലറ്റ് നിയമം |
| ജനറൽ ഡയർ | - | ജാലിയൻവാലാബാഗ് |
| സെയ്ഫുദ്ദീൻ കിച്ച്ലു | - | റൗലറ്റ് വിരുദ്ധ സമരം |

"പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി"

- **ഗാന്ധിജി**

## എഴുതാം; വിലയിരുത്താം

ജാലിയൻ വാലാബാഗ് കൂട്ടക്കൊല ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ സ്വാധീനിച്ചതെങ്ങനെ?

## പഠനനേട്ടം

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സവിശേഷതകളും ഫലങ്ങളും വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

നിസ്സഹകരണ സമരത്തിന്റെ നിസ്സഹകരണാത്മകവും നിർമാണാത്മകവുമായ ആശങ്ങൾ എഴുതാം.

| **A നിസ്സഹകരണാത്മകം** | **B നിർമാണാത്മകം** |
|---|---|
| വിദേശ വസ്തുക്കൾ ബഹിഷ്കരിക്കൽ | തദ്ദേശീയ ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ |
| (1) .................................... | (1) .................................... |
| (2) .................................... | (2) .................................... |
| (3) .................................... | (3) .................................... |
| (4) .................................... | (4) .................................... |
| (5) .................................... | (5) .................................... |

## ഒറ്റനോട്ടത്തിൽ

| A | B |
|---|---|
| (1) വിദ്യാർഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ വിദ്യാലയങ്ങൾ ബഹിഷ്കരിച്ചു | (1) തദ്ദേശീയ ഉല്പന്നങ്ങൾ നിർമ്മിക്കൽ, ഖാദി വസ്ത്രങ്ങൾ നെയ്തു |

(2) വക്കീലന്മാർ കോടതി ബഹിഷ്ക്കരിച്ചു
(3) കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു
(4)ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകി
(5) തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു

(2) ദേശീയവിദ്യാലയങ്ങൾ ആരംഭിച്ചു
(3) ഹിന്ദി പ്രചാരണം ആരംഭിച്ചു.
(4) അയിത്തോച്ചാടന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.
(5) ദേശീയവിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കി

**പ്രവർത്തനം**

ഖിലാഫത്ത് പ്രസ്ഥാനം കൊണ്ട് ഉണ്ടായ നേട്ടങ്ങൾ കണ്ടെത്തി പട്ടികയാക്കാം.

1. ദേശീയപ്രസ്ഥാനം ശക്തിപ്പെട്ടു
2. ......................................................................
3 ......................................................................

**ഒറ്റനോട്ടത്തിൽ**

(2) ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയിൽ എല്ലായിടത്തും വ്യാപിച്ചു.
(3) ഹിന്ദു മുസ്ലീം ഐക്യം ശക്തിപ്പെട്ടു.

ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോടു ചേർത്തുനിർത്തിയതിലൂടെ സ്വാതന്ത്ര്യസമരത്തിൽ മുസ്ലീങ്ങളുടെ സജീവസാന്നിദ്ധ്യം ഉറപ്പാക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞു.

**എഴുതാം; വിലയിരുത്താം**

നിസ്സഹകരണ സമരത്തിന്റെ സ്വഭാവം വ്യക്തമാക്കുക.


**പഠനനേട്ടം**

സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായ ഉപ്പുസത്യഗ്രഹത്തിന്റെ പ്രസക്തി വിശകലനം ചെയ്യുന്നു.

**ലാഹോർ സമ്മേളനം-1929**
- ജവഹർലാൽ നെഹ്റു,
- പൂർണ സ്വരാജ്,
- ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനം

**പ്രവർത്തനം**

ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കാം.



**ഒറ്റനോട്ടത്തിൽ**

1. ബ്രിട്ടീഷ് നികുതി വരുമാനത്തിന്റെ 2/5 ഭാഗവും ഉപ്പുനികുതി അയിരുന്നു.
2. ദരിദ്രർക്ക് ഇത് വലിയ ഭാരമായി
3. തദ്ദേശീയ ഉപ്പുല്പാദനം വിലക്കി.
4. ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർദ്ധിച്ചു

**പഠനനേട്ടം**

ക്വിറ്റിന്ത്യാ സമരത്തിന്റെ പശ്ചാത്തലം വിശദമാക്കുന്നു.

**പ്രവർത്തനം**

ക്വിറ്റിന്ത്യാ സമരവുമായി ബന്ധപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കാം.




**ഒറ്റനോട്ടത്തിൽ**

- പ്രവൃത്തിക്കുക അല്ലെങ്കിൽ മരിക്കുക-ഗാന്ധിജി.
- 1942 ആഗസ്റ്റ് 8 ബോംബെ (മുംബൈ)ലെ ബോംബേ കോൺഗ്രസ് സമ്മേളന തീരുമാനം.
- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ.
  ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ തോൽക്കുമെന്ന തോന്നൽ.

**എഴുതാം; വിലയിരുത്താം**

ക്വിറ്റിന്ത്യാ സമരത്തിൽ ഗാന്ധിജി ഇന്ത്യാക്കാർക്ക് നൽകിയ മന്ത്രമേത്?

**പഠനനേട്ടം**

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ INA യുടേയും സുഭാഷ് ചന്ദ്രബോസിന്റെയും പങ്ക് വിലയിരുത്തുന്നു.

- സ്വാതന്ത്ര്യ സമരത്തിന് ബദൽ അഭിപ്രായരൂപീകരണം
- സായുധ സമരമാർഗം
- വിപ്ലവ പ്രസ്ഥാനങ്ങളുടെ ആവിർഭാവം
- കരിനിയമങ്ങൾക്കെതിരെയുള്ള പ്രതിഷേധം

### പ്രവർത്തനം

A കോളത്തിനു യോജിച്ചവ B കോളത്തിലെഴുതുക

| | A | B |
|---|---|---|
| 1. | ഫോർവേഡ് ബ്ലോക്ക് | സൂര്യസെൻ |
| 2. | റിപ്പബ്ലിക്കൻ ആർമി | ലാലാഹർദയാൽ |
| 3. | അഭിനവ് ഭാരത് സൊസൈറ്റി | ബരീന്ദർ കുമാർ ഘോഷ് |
| 4. | ത്സാൻസിറാണി റെജിമെന്റ് | ജയപ്രകാശ് നാരായൺ |
| 5. | അനുശീലൻ സമിതി | ക്യാപ്റ്റൻ ലക്ഷ്മി |
| 6. | ഗദർ പാർട്ടി | സുഭാഷ് ചന്ദ്രബോസ് |
| 7. | ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | വി.ഡി. സവർക്കർ |
| 8. | കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | ഭഗത്സിങ്, രാജഗുരു, സുഖ്ദേവ് ചന്ദ്രശേഖർ ആസാദ് |

### ഒറ്റനോട്ടത്തിൽ

1. സുഭാഷ്ചന്ദ്രബോസ് 2. ഭഗത്സിങ് രാജഗുരു, സുഖ്ദേവ് ചന്ദ്രശേഖർ ആസാദ്
3. വി.ഡി. സവർക്കർ 4. ക്യാപ്റ്റൻ ലക്ഷ്മി 5. ബരീന്ദർകുമാർ ഘോഷ്
6. ലാലാഹർദയാൽ 7. സൂര്യസെൻ 8. ജയപ്രകാശ് നാരായൺ

### പഠനനേട്ടം

സ്വാതന്ത്ര്യസമരകാലത്ത് രൂപം കൊണ്ട വിപ്ലവപ്രസ്ഥാനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നു.

### പ്രവർത്തനം

A കോളത്തിനു യോജിച്ചത് B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുക്കാം.

| A | B | C |
|---|---|---|
| മോത്തിലാൽ നെഹ്റു<br>സി.ആർ. ദാസ് | കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | 1928 |
| രാജ്ഗുരു, സുഖ്ദേവ്<br>ചന്ദ്രശേഖർ ആസാദ്, ഭഗത് സിംഗ് | സ്വരാജ് പാർട്ടി | 1934 |
| ജയപ്രകാശ് നാരായൺ | ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ | 1923 |

## ഒറ്റനോട്ടത്തിൽ

| A | B | C |
|---|---|---|
| മോത്തിലാൽ നെഹ്റു<br>സി.ആർ. ദാസ് | സ്വരാജ് പാർട്ടി | 1923 |
| രാജ്ഗുരു, സുഖ്ദേവ്<br>ചന്ദ്രശേഖർ ആസാദ്, ഭഗത് സിംഗ് | ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ | 1928 |
| ജയപ്രകാശ് നാരായൺ | കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | 1934 |

### പഠനനേട്ടം

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുടെ പങ്ക് വിശകലനം ചെയ്യുന്നു.

### പ്രവർത്തനം

ഇന്ത്യയിൽ തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളാനിടയാക്കിയ സാഹചര്യങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കാം.

റഷ്യൻ വിപ്ലവത്തിന്റെ വിജയം

..........................................................................

..........................................................................

## ഒറ്റനോട്ടത്തിൽ

സോഷ്യലിസ്റ്റ് ആശയ സ്വാധീനം

തൊഴിലാളികൾ നേരിട്ട ചൂഷണം

A കോളത്തിനു യോജിച്ചവ B കോളത്തിൽ എഴുതുക.

| A | B |
|---|---|
| 1. എൻ.എം. ജോഷി, ലാലാലജ്പത്റോയി | അഖിലേന്ത്യാ കിസാൻ സഭ |
| 2. എൻ.ജി. രംഗ | എ.ഐ.റ്റി.യു.സി |
| 3. തേഭാഗസമരം | ബോംബെ |
| 4. തെലങ്കാന സമരം | ബംഗാൾ |
| 5. നാവിക കലാപം | ആന്ധ്രാപ്രദേശ് |

## ഒറ്റനോട്ടത്തിൽ

| A | B |
|---|---|
| 1. എൻ.എം. ജോഷി, ലാലാലജ്പത്റോയി | എ.ഐ.റ്റി.യു.സി |
| 2. എൻ.ജി രംഗ | അഖിലേന്ത്യാകിസാൻ സഭ |
| 3. തേഭാഗ സമരം | ബംഗാൾ |
| 4. തെലങ്കാന സമരം | ആന്ധ്രാപ്രദേശ് |
| 5. നാവിക കലാപം | ബോംബെ |

visit www.shenischool.in



ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശിക സമരങ്ങളിലൂടെ ശക്തിയാർജ്ജിച്ച ഇന്ത്യയിലെ ദേശീയ പ്രസ്ഥാനം നിസ്സഹകരണ സിവിൽ നിയമലംഘനസമരപരമ്പരകളിലൂടെയും ക്വിറ്റിന്ത്യാ സമരത്തിലൂടെയും സമര തീക്ഷ്ണതയുടേതായ വ്യത്യസ്ത പാതകളിലൂടെയും സഞ്ചരിച്ചാണ് ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് എത്തിച്ചത്.

**എഴുതാം; വിലയിരുത്താം**

1. ഗാന്ധിജി ഇന്ത്യൻ ജനസമൂഹത്തിന്റെ നേതാവായി മാറിയതെങ്ങനെയെന്ന് പരിശോധിക്കുക?
2. റൗലറ്റ് നിയമം എന്നാലെന്ത്?
3. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
4. ഖിലാഫത്ത് പ്രസ്ഥാനമെന്നാലെന്ത്?
5. സിവിൽ നിയമലംഘന പ്രസ്ഥാനമെന്നാലെന്ത്?
6. ഇന്ത്യൻ ദേശീയ സമരത്തിലെ വഴിത്തിരിവായിരുന്നു ക്വിറ്റിന്ത്യാസമരം. വിശദമാക്കുക?
7. ഇന്ത്യയുടെ ദേശീയ സമരത്തിൽ തൊഴിലാളികളും കർഷകരും വഹിച്ച പങ്കെന്ത്?
8. മൗണ്ട് ബാറ്റൻ പദ്ധതി എന്നാലെന്ത്?
9. A കോളത്തിന് യോജിച്ചവ B,C കോളങ്ങളിൽ എഴുതുക.

| A | B | C |
|---|---|---|
| സരോജിനി നായിഡു | ലേബർപാർട്ടി | പഞ്ചാബ് |
| ജനറൽ ഡയർ | കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | പാകിസ്ഥാൻ |
| സുഭാഷ് ചന്ദ്രബോസ് | അഖിലേന്ത്യാ കിസാൻ കോൺഗ്രസ് | ബ്രിട്ടൺ |
| ജയപ്രകാശ് നാരായൺ | സർവേന്ത്യാലീഗ് | ഐ.എൻ.എ |
| മുഹമ്മദാലി ജിന്ന | ഗുജറാത്ത് | ലാഹോർ |
| എൻ.ജി.രംഗ | ജാലിയൻവാലാബാഗ് | 1934 |
| ഗാന്ധിജി | ഫോർവേഡ് ബ്ലോക്ക് | ഉപ്പു സമരം |
| ക്ലമന്റ് ആറ്റ്ലി | ധരാസന | 1918 |

൭൦൨




നൂറ്റാണ്ടുകൾ നീണ്ട ബ്രിട്ടീഷ് ചൂഷണത്തിനു ശേഷം സ്വാതന്ത്ര്യം നേടിയ ഇന്ത്യ നേരിട്ടവെല്ലുവിളികളും അത്തരം വെല്ലുവിളികൾ തരണം ചെയ്യുന്നതിന് നാം സ്വീകരിച്ച നടപടികളുമാണ് ഈ അധ്യായം ചർച്ച ചെയ്യുന്നത്. വിദേശ ഭരണം ശുഷ്കമാക്കിയിട്ടും നിശ്ചയദാർഢ്യത്തോടെയും ദീർഘ വീക്ഷണത്തോടെയും കാർഷിക വ്യാവസായിക രംഗങ്ങളിലും, ശാസ്ത്ര- സാങ്കേതിക - വിദ്യാഭ്യാസ മണ്ഡലങ്ങളിലും നാം കൈവരിച്ച നേട്ടങ്ങളും , പകരം വയ്ക്കാനാകാത്ത നമ്മുടെ വിദേശനയവും ഈ പാഠഭാഗം പ്രതിപാദിക്കുന്നു.

### പഠനനേട്ടം

സ്വതന്ത്രഇന്ത്യ അഭിമുഖീകരിച്ച വെല്ലുവിളികൾ കണ്ടെത്തുന്നു.

### പ്രവർത്തനം

വിഭജനാനന്തരം ഇന്ത്യക്ക് നേരിടേണ്ടിവന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നു.

### ഒറ്റനോട്ടത്തിൽ

- അഭയാർഥി പ്രവാഹം
- വർഗീയ ലഹളകൾ
- നാട്ടുരാജ്യങ്ങളുടെ സംയോജനം

### പഠനനേട്ടം

ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ സംയോജനം വിശദമാക്കുന്നു.

### പ്രവർത്തനം

ചുവടെ നൽകുന്ന പദങ്ങളെ അനുയോജ്യമായ കളങ്ങളിൽ നിറയ്ക്കുക.

**നാട്ടുരാജ്യങ്ങളുടെ സംയോജനം**

| ലയനക്കരാർ | ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച പ്രദേശങ്ങൾ | ഫ്രഞ്ച് അധിനിവേശ പ്രദേശങ്ങൾ | പോർട്ടുഗീസ് അധിനിവേശ പ്രദേശങ്ങൾ |
|---|---|---|---|
| വി.പി. മേനോൻ<br>സർദാർ വല്ലഭ്ഭായി പട്ടേൽ | ഹൈദരാബാദ്<br>കാശ്മീർ | പോണ്ടിച്ചേരി,<br>കാരയ്ക്കൽ,<br>മാഹി, യാനം | ഗോവ,<br>ദാമൻ,<br>ദിയു |

## എഴുതാം വിലയിരുത്താം

1. മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ കണ്ടെത്തി കുറിക്കുക.
2. സ്വാതന്ത്ര്യാനന്തരവും ഇന്ത്യൻ പ്രദേശങ്ങൾ കയ്യടക്കി വച്ചിരുന്ന യൂറോപ്യൻ രാജ്യങ്ങളെ തിരിച്ചറിഞ്ഞുരേഖപ്പെടുത്തുക?
   - ഫ്രാൻസ്
   - പോർട്ടുഗൽ

## പഠനനേട്ടം

ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യം വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങൾ ഫ്ളോചാർട്ടിലൂടെ സൂചിപ്പിക്കുന്നു.

ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണം

↓

1920- ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചത്.

↓

ആന്ധ്രസംസ്ഥാനത്തിനായി പോട്ടി ശ്രീരാമലുവിന്റെ നിരാഹാര സമരവും മരണവും.

↓

1953-ൽ തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപംകൊണ്ടത്.

↓

സംസ്ഥാന പുനസംഘടനാ കമ്മീഷന്റെ രൂപീകരണം.

↓

1956-ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം പാസ്സാക്കി.

## ഒറ്റനോട്ടത്തിൽ

- ഒരു നാട്ടുരാജ്യത്തിനു തന്നെ വ്യത്യസ്ത ഭാഷകൾ സംസാരിച്ചവർ ഉണ്ടായിരുന്നു. ഇതു മൂലം ജനങ്ങൾ അഭിമുഖീകരിച്ച പ്രശ്നങ്ങൾ.
- ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ജനകീയ പ്രക്ഷോഭങ്ങൾ.
- 

## എഴുതാം; വിലയിരുത്താം


സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനഃസംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിച്ചത് എന്തുകൊണ്ട്?

## പഠനനേട്ടം

സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച പുരോഗതി വിശദമാക്കുന്നു.

## പ്രവർത്തനം

**വിജ്ഞാന ചക്രം**




മുകളിൽ നൽകിയിരിക്കുന്ന വിജ്ഞാന ചക്രം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. സ്വാതന്ത്ര്യാനന്തരം ഇന്ത്യ സ്വീകരിച്ച സമ്പദ് വ്യവസ്ഥയുടെ പേരെന്ത്? സവിശേഷത കൾ കുറിക്കുക.

- 
- 
- 

2. പഞ്ചവത്സര പദ്ധതികൾ ഇന്ത്യയെ ഏതെല്ലാം വിധത്തിൽ സഹായിച്ചു.
   - കാർഷിക – വ്യാവസായിക മേഖല പുഷ്ടിപ്പെട്ടു.
   - ..........................................................................................
   - ..........................................................................................
   - ..........................................................................................

മാതൃകയിലുള്ളതുപോലെ ക്രമപ്പെടുത്തുക

സൂചന: ഭിലായ് – സോവിയറ്റ് യൂണിയൻ

| | |
|---|---|
| റൂർക്കേല | ജർമ്മനി |
| ബൊക്കാറോ | ബ്രിട്ടൻ |
| ദുർഗ്ഗാപൂർ | സോവിയറ്റ് യൂണിയൻ |

### ഒറ്റനോട്ടത്തിൽ

റൂർക്കേല – ജർമ്മനി

ബൊക്കാറോ – സോവിയറ്റ് യൂണിയൻ

ദുർഗ്ഗാപൂർ – ബ്രിട്ടൻ


ഇന്ത്യൻ സാമ്പത്തികരംഗം
- മിശ്ര സമ്പദ് വ്യവസ്ഥ
- കേന്ദ്രീകൃത ആസൂത്രണം
- ആസൂത്രണ കമ്മീഷന്റെ രൂപീകരണം
- പഞ്ചവത്സര പദ്ധതികൾ

### പഠനനേട്ടം

ശാസ്ത്രരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.

### പ്രവർത്തനം

ശാസ്ത്ര രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തിയാക്കാം.




### ഒറ്റനോട്ടത്തിൽ

- *ആരോഗ്യം*
- *സമുദ്ര ഗവേഷണം*

**പഠനനേട്ടം**


സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസ നയത്തേയും സാംസ്കാരിക സ്ഥാപനങ്ങളേയും വിലയിരുത്തുന്നു.

**പ്രവർത്തനം**

ശുപാർശയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ കമ്മീഷനുകളെ തിരിച്ചറിയുന്ന പട്ടിക തയ്യാറാക്കുന്നു.

| ശുപാർശ | വിദ്യാഭ്യാസ കമ്മീഷൻ |
|---|---|
| ● ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം | ഡോ.ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ |
| ● 10 +2 +3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം | ........................................ |
| ● ധാർമ്മിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം | ........................................ |
| ● യു.ജി.സി. രൂപീകരിക്കണം | ഡോ.രാധാകൃഷ്ണൻ കമ്മീഷൻ |
| ● സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം | ........................................ |
| ● വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം | ഡോ.ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ |

**വിജ്ഞാന ചക്രം**





**പഠനനേട്ടം**

സ്വതന്ത്ര ഇന്ത്യയുടെ വിദേശനയം വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

വിദേശനയത്തിന്റെ അടിത്തറയായ പഞ്ചശീല തത്വങ്ങളുടെ പദസൂര്യൻ തയ്യാറാക്കുന്നു.

**പദസൂര്യൻ**




## എഴുതാം; വിലയിരുത്താം

(1) ചുവടെ തന്നിരിക്കുന്ന വ്യക്തികളേയും പ്രവർത്തന മേഖലകളേയും അനുയോജ്യമായി ക്രമപ്പെടുത്തുക.

**വ്യക്തികൾ**

| | |
|---|---|
| (1)വി.പി. മേനോൻ | (2) ഫസൽ അലി |
| (3) എച്ച്. എൻ. കുൻസ്രു | (4) സർദാർ വല്ലഭ്ഭായി പട്ടേൽ |

**പ്രവർത്തന മേഖല**

| |
|---|
| (എ) ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണം |
| (ബി) നാട്ടുരാജ്യങ്ങളുടെ സംയോജനം |

**ക്രമപ്പെടുത്തുമ്പോൾ**

എ 2, 3 ബി 1, 4

(2) ചുവടെ തന്നിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

സൂചന
(1) ഇന്ത്യ സാമ്പത്തികമേഖലയിലെ മുന്നേറ്റങ്ങൾ
(2) ശാസ്ത്ര - സാങ്കേതിക നേട്ടങ്ങൾ
(3) വിദേശ നയം

ഉത്തര സൂചിക : യൂണിറ്റ് ഒറ്റനോട്ടത്തിൽ നിന്നും കണ്ടെത്തുക.

## യൂണിറ്റ് ഒറ്റ നോട്ടത്തിൽ

| ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം | സാമ്പത്തിക മേഖലയിലെ മുന്നേറ്റങ്ങൾ | ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ | ബഹിരാകാശ ഗവേഷണം | വിദ്യാഭ്യാസം | വിദേശ നയം |
|---|---|---|---|---|---|
| ● ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുക<br>● പോട്ടി ശ്രീരാമലു ആന്ധ്ര സംസ്ഥാനത്തിനായി നടത്തിയ നിരാഹാര സമരവും മരണവും<br>● തെലുങ്ക് സംസാരിക്കുന്നവർക്കായി 1953 ൽ ആന്ധ്ര സംസ്ഥാനം രൂപീകരിച്ചത്<br>● സംസ്ഥാന പുനസംഘടന കമ്മിഷൻ ഫസൽ അലി അധ്യക്ഷനായി രൂപം കൊണ്ടു<br>● 1956 ൽ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമം പാർലമെന്റ് പാസാക്കി | ● ഇന്ത്യൻ സമ്പദ് വ്യവസ്ഥ - മിശ്ര സമ്പദ് വ്യവസ്ഥ<br>● പൊതുമേഖലയ്ക്ക് പ്രാധാന്യം<br>● കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണം<br>● 1950 ൽ ആസൂത്രണ കമ്മിഷൻ സ്ഥാപിച്ചു<br>● നെഹ്റു അധ്യക്ഷൻ<br>● 1951 ൽ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു<br>● ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഊന്നൽ<br>● ഇരുമ്പുരുക്ക് വ്യവസായ ശാലകൾക്ക് തുടക്കം കുറിച്ചു | ● ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിച്ചു<br>● ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി<br>● ഇന്ത്യൻ കാർഷിക ഗവേഷണ സമിതി<br>● ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി<br>● ആണവോർജ്ജ കമ്മീഷൻ<br>● ഐ.ഐ.റ്റി കളുടെ സ്ഥാപനം | ● ദേശീയ ബഹിരാകാശ സമിതിയുടെ രൂപീകരണം<br>● ഐ.എസ്.ആർ.ഒ രൂപീകരിച്ചു<br>● ആര്യഭട്ട വിക്ഷേപം<br>● ബഹിരാകാശ ഏജൻസികൾ<br>● നാഷണൽ റിമോർട്ട് സെൻസിംഗ് ഏജൻസി<br>● ഫിസിക്കൽ റിസർച്ച് ലബോറട്ടറി<br>● മിസൈൽ സാങ്കേതിക വിദ്യ<br>● ആണവ ശാസ്ത്രജ്ഞൻ എ.പി.ജെ. അബ്ദുൽകലാം, ഡോ. രാജാരാമണ്ണ<br>● ചന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങൾ | ● വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ<br>● ഡോ. രാധാകൃഷ്ണൻ കമ്മിഷൻ - 1948<br>● ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ 1952<br>● ഡോ. സി.എസ്. കോത്താരി കമ്മിഷൻ 1964<br>● ദേശീയ വിദ്യാഭ്യാസ നയം<br>● വിദ്യാഭ്യാസം മൗലിക അവകാശം (RTE 2009)<br>● വിവിധ വിദ്യാഭ്യാസ പദ്ധതികൾ<br>● സമഗ്ര ശിക്ഷാ കേരള) | ● ജവഹർലാൽ നെഹ്റു - ഇന്ത്യൻ വിദേശ നയത്തിന്റെ മുഖ്യ ശില്പി<br>● ചേരിചേരാ നയം<br>● പഞ്ചശീല തത്വങ്ങൾ<br>● ഇന്ത്യയും ചൈനയും 1954 |

## നാൾവഴികൾ ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| (1) | ഇന്ത്യയിലെ ആദ്യ പൊതു തിരഞ്ഞെടുപ്പ് | - 1951–52 |
| (2) | ഭാഷാടിസ്ഥാനത്തിൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപം കൊണ്ടു | - 1953 |
| (3) | ഇന്ത്യൻ സംസ്ഥാന പുന: സംഘടനാ നിയമം പാസാക്കി | - 1956 |
| (4) | പഞ്ചവൽസര പദ്ധതികൾക്ക് തുടക്കം കുറിച്ചു | - 1951 |
| (5) | ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ആസൂത്രണ കമ്മീഷൻ നിലവിൽവന്നു | - 1950 |
| (6) | ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകരിച്ചു | - 1962 |
| (7) | ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന രൂപികരിച്ചു (ISRO) | - 1969 |
| (8) | കൃത്രിമോപഗ്രഹം ആര്യഭട്ട വിക്ഷേപിച്ചു | - 1975 |
| (9) | ഇന്ത്യയുടെ ചന്ദ്രയാൻ ദൗത്യം | - 2008 |
| (10) | പഞ്ചശീല തത്വങ്ങളിൽ ഒപ്പു വച്ചു | - 1954 |

## എഴുതാം; വിലയിരുത്താം

1. നാട്ടുരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ലയന കരാറിന്റെ വ്യവസ്ഥകൾ എന്തെന്നു വ്യക്തമാക്കുക
2. ക്യാബിനറ്റ് മിഷന്റെ പ്രവർത്തനം വ്യക്തമാക്കുക.
3. ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിന് താഴെ പറയുന്ന വ്യക്തികൾ വഹിച്ച പങ്ക് എന്തെന്നു വ്യക്തമാക്കുക

   പോട്ടി ശ്രീരാമലു, ഫസൽ അലി
4. പഞ്ചവൽസര പദ്ധതികൾ ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന് സഹായകമായത് എങ്ങനെയെന്ന് വ്യക്തമാക്കുക.
5. സ്വാതന്ത്ര്യാനന്തരം ശാസ്ത്ര - സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ നിരവധി നേട്ടങ്ങൾ കൈവരിച്ചു. ഈ പ്രസ്താവന വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക
6. ചുവടെ സൂചിപ്പിക്കുന്ന വ്യക്തികൾ ഏതേതു ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുക
   - ഡോ. എ.പി.ജെ. അബ്ദുൾകലാം
   - വിക്രം സാരാഭായി
   - ഹോമി ജഹാംഗീർ ഭാഭ
7. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക
8. "രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക". പഞ്ചശീല തത്വങ്ങളിൽ ഒന്നാണ് മുകളിൽ സൂചിപ്പിച്ചത്. മറ്റുള്ളവ ഏതെന്ന് സൂചിപ്പിക്കുക.

ഠഠഠ

യൂണിറ്റ് 8



# കേരളം ആധുനികതയിലേയ്ക്ക്

കേരളക്കരയിലേക്ക് ഉള്ള യൂറോപ്യന്മാരുടെ കടന്നുവരവും അവർ നടത്തിയ കിടമത്സരങ്ങളിലും തുടങ്ങി ഐക്യകേരളത്തിന്റെ രൂപീകരണം വരെയുള്ള കേരള ചരിത്രത്തിലെ നാൾവഴികൾ കോർത്തിണക്കിയതാണ് ഈ പാഠഭാഗം. കേരളത്തിലെ ഭൂബന്ധങ്ങളും കാർഷിക മേഖലയിലെ മാറ്റങ്ങളും സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളും ദേശീയ സ്വതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന നിരവധി സമരങ്ങളിൽ കേരളത്തിന്റെ പങ്കാളിത്തവും സ്ത്രീശക്തിയുടെ മുന്നേറ്റവും പാഠഭാഗത്തിൽ പരാമർശിക്കുന്നുണ്ട്.

## പഠനനേട്ടങ്ങൾ

- കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടത് എങ്ങനെയെന്ന് വിലയിരുത്തുന്നു.
- ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കേരളത്തിൽ വിവിധ ഭാഗങ്ങളിൽ നടന്ന ചെറുത്തുനിൽപ്പുകളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു

## പ്രവർത്തനം

- യൂറോപ്യൻ അധിനിവേശത്തിന്റെ വിവിധ ഘട്ടങ്ങൾ സൂചിപ്പിക്കുന്ന ഫ്ളോ ചാർട്ട്.

1498 – പോർട്ടുഗീസ് നാവികനായ വാസ്കോഡഗാമ കോഴിക്കോട് എത്തിച്ചേർന്നു.

↓

1663 – ഡച്ചുകാർ പോർട്ടുഗീസുകാരെ തോൽപ്പിച്ചു.

↓

1741 – ഡച്ചുകാരെ തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡവർമ്മ കുളച്ചൽ യുദ്ധത്തിൽ പരാജയപ്പെടുത്തി.

↓

1763 – ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിൽ വ്യാപാരകുത്തക തങ്ങളുടെ നിയന്ത്രണത്തിൽ ആക്കി.


ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കേരളത്തിൽ വിവിധ ഭാഗങ്ങളിൽ നടന്ന ചെറുത്തുനിൽപ്പുകളുടെ പ്രത്യേകതകൾ ശരിയായി പട്ടികപ്പെടുത്തുന്നു.

| A | B | C |
|---|---|---|
| ബ്രിട്ടീഷുകാർ | ശ്രീരംഗപട്ടണംസന്ധി | 1795 |
| ആറ്റിങ്ങൽ റാണി | ബ്രിട്ടീഷ് മേൽക്കോയ്മ | 1615 |
| മൈസൂർ ഭരണാധികാരികൾ | അഞ്ചുതെങ്ങ് | 1792 |
| തിരുവിതാംകൂർ | സാമൂതിരി | 1721 |

**ഒറ്റനോട്ടത്തിൽ** പാഠപുസ്തകത്തിലെ പേജ് 152, 153

**പ്രവർത്തനം**

**വിജ്ഞാനചക്രം**



## എഴുതാം വിലയിരുത്താം

**ചുവടെ നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരം വിജ്ഞാനചക്രത്തിൽ നിന്നും കണ്ടെത്തികുറിക്കാം.**

1. വേലുത്തമ്പി കുണ്ടറവിളംബരം നടത്താനിടയായ സാഹചര്യം എന്തായിരുന്നു?
   - 
   - 
2. മലബാറിലെ ജൻമികുടിയാൻ ബന്ധങ്ങൾ മാപ്പിളകലാപങ്ങൾക്ക് എത്രമാത്രം കാരണമായി എന്നു കണ്ടെത്തി എഴുതുക.
   - 
   - 
3. കുറിച്യ കലാപം വിശദമാക്കാം
   - 
   - 
   - 

### പഠനനേട്ടം


കേരളം ലോകകമ്പോളത്തിന്റെ ഭാഗമായി മാറാൻ ഇടയായ സാഹചര്യം വിശകലനം ചെയ്യുന്നു.

### പ്രവർത്തനം

വ്യാപാരം സുഗമമാക്കാൻ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ തിരിച്ചറിയുന്നു.

വ്യപാരം സുഗമമാക്കാൻ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നിലനിന്നിരുന്ന വ്യാപാര നിയമങ്ങൾ തങ്ങൾക്കനുകൂലമായി ബ്രിട്ടീഷുകാർ ഭേദഗതി ചെയ്തു. ഈ പ്രസ്താവന സാധൂകരിക്കുന്നു

- നാണയവ്യവസ്ഥ ഏകീകരിച്ചു
- അളവുതൂക്ക സമ്പ്രദായം നടപ്പിലാക്കി
- റോഡുകൾ, പാലങ്ങൾ, റെയിൽവേപ്പാളങ്ങൾ എന്നിവ പണിത് ഗതാഗതസൗകര്യം മെച്ചപ്പെടുത്തി.
- കൊച്ചി, കോഴിക്കോട്, ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ച് ചരക്കുഗതാഗതം സുഗമമാക്കി.





## പഠനനേട്ടങ്ങൾ

- കൃഷിയിലെ വാണിജ്യവൽക്കരണം ഭൂബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങൾ തിരിച്ചറിയുന്നു.
- വ്യാവസായിക മേഖലയിൽ ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ പുരോഗതി പട്ടികപ്പെടുത്തുന്നു.

## പ്രവർത്തനം

വാണിജ്യവൽക്കരണം കേരളത്തിലെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുന്നു
വ്യാവസായിക മേഖലയിൽ ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ പുരോഗതി പട്ടികപ്പെടുത്തുന്നു.
**പദസൂര്യൻ**




## ഒറ്റനോട്ടത്തിൽ

- *പുനലൂർ*
- *സിറാമിക്സ്*
- *കളമശേരിയിലെ*

കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വളർച്ച പ്രാപിച്ച വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും അവയുടെ വളർച്ചയ്ക്ക് കാരണമായ ഘടകങ്ങളും കണ്ടെത്തി കുറിപ്പ് തയ്യാറാക്കാം.


| തോട്ട വ്യവസായങ്ങൾ | പരമ്പരാഗതവ്യവസായങ്ങൾ |
|---|---|
| • തോട്ടവിളകൾ സംസ്കരിക്കുന്നതിനും കയറ്റി അയക്കുന്നതിനുമായി തോട്ട വ്യവസായങ്ങൾ ആരംഭിച്ചു.<br>• തേയില ഫാക്ടറികൾ, കാപ്പിക്കുരു സംസ്കരിക്കുന്ന ഫാക്ടറികൾ, റബ്ബർ ഫാക്ടറികൾ എന്നിവ വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ ആരംഭിച്ചു.<br>• ബ്രിട്ടീഷുക്കാരനായ കനോലിയുടെ നേതൃത്വത്തിൽ നിലമ്പൂരിൽ തേക്ക് തോട്ടം ആരംഭിച്ചു. | • നാളികേരം, കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ വളർന്നുവന്നു.<br>• ആലപ്പുഴ, വെളിച്ചെണ്ണ വ്യവസായത്തിന്റെ കേന്ദ്രം.<br>• ആലപ്പുഴയിലെ കയർ വ്യവസായ കേന്ദ്രങ്ങൾ<br>• കൊല്ലം കേന്ദ്രമായി കശുവണ്ടി വ്യവസായം വളർന്നുവന്നു.<br>• ഫറോക്ക്, കൊല്ലം, ഒല്ലൂർ ഓടുകമ്പനികൾ<br>• കണ്ണൂർ, കോഴിക്കോട്- കൈത്തറി നിർമാണശാല<br>• കണ്ണൂർ- ബീഡി കമ്പനി |

## പഠനനേട്ടം

സാംസ്കാരിക മേഖലയിൽ ബ്രിട്ടീഷ് ഭരണം സൃഷ്ടിച്ച സ്വാധീനം തിരിച്ചറിയുന്നു.

## പ്രവർത്തനം

സാംസ്കാരിക മേഖലയിലെ ബ്രിട്ടീഷ് സ്വാധീനം ചാർട്ടിലൂടെ സൂചിപ്പിക്കുന്നു.



## എഴുതാം; വിലയിരുത്താം

മുകളിൽ കൊടുത്തിരിക്കുന്ന ചാർട്ട് നിരീക്ഷിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

1. മലയാളത്തിലെ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയത് ആരാണ്?
   - 
2. മലയാളത്തിലെ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം ഏതാണ്?
   - 
3. ഇംഗ്ലീഷ് മലയാളം നിഘണ്ടു തയ്യാറാക്കിയ മിഷണറി ആരാണ്?
   - 
4. മലയാളത്തിലെ ആദ്യകാല പത്രങ്ങൾ ഏതെല്ലാം?
   - 
5. ചാർട്ട് നിരീക്ഷിച്ച് കേരളത്തിലെ സാംസ്കാരിക മേഖലയിലെ ബ്രിട്ടീഷ് സ്വാധീനം എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക.

| മിഷണറി സംഘങ്ങൾ | പ്രവർത്തനമേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി | ● |
| ചർച്ച് മിഷൻ സൊസൈറ്റി | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി | കൊച്ചി |
| ബാസൽ ഇവാഞ്ചലിക്കൽ മിഷൻ | ● |

- ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിലെ നിയമരംഗത്തുണ്ടായ മാറ്റങ്ങൾ കണ്ടെത്തുക

**ഉത്തരസൂചിക**

- നീതിന്യായ വ്യവസ്ഥ പരിഷ്കരിച്ചു
- 
- 
- കേസുകളുടെ വിചാരണയ്ക്കായി വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു.

## എഴുതാം; വിലയിരുത്താം

**ബ്രിട്ടീഷ് ഭരണം ആരോഗ്യരംഗത്തുവരുത്തിയ മാറ്റങ്ങൾ പട്ടികപ്പെടുത്തുക.**

**ഉത്തരസൂചിക**

- ആയുർവേദത്തിനു പകരം അലോപ്പതി ചികിൽസയ്ക്ക് പ്രാധാന്യം ലഭിച്ചു.
- 
- 
- മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ സ്ഥാപിച്ചു.

## പഠനനേട്ടം

കേരളത്തിലെ സാമൂഹിക മാറ്റങ്ങൾക്ക് പരിഷ്കരണ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് തിരിച്ചറിയുന്നു.

## പ്രവർത്തനം

സാമൂഹികപരിഷ്കർത്താക്കളുടെയും പ്രസ്ഥാനങ്ങളുടെയും പട്ടിക ക്രമപ്പെടുത്തുന്നു.

**സാമൂഹിക പരിഷ്കർത്താക്കൾ**

| | |
|---|---|
| ● വൈകുണ്ഠസ്വാമികൾ | ● അയ്യങ്കാളി |
| ● ശ്രീനാരായണഗുരു | ● വാഗ്ഭടാനന്ദൻ |
| ● വക്കം അബ്ദുൽ ഖാദർ മൗലവി | ● പണ്ഡിറ്റ് കെ.പി.കറുപ്പൻ |
| ● വി.ടി.ഭട്ടതിരിപ്പാട് | ● സഹോദരൻ അയ്യപ്പൻ |
| ● മന്നത്ത് പത്മനാഭൻ | |

**പ്രസ്ഥാനങ്ങൾ**

| | |
|---|---|
| ● യോഗക്ഷേമസഭ | ● തിരുവിതാംകൂർ മുസ്ലീം മഹാജനസഭ |
| ● അരയസമാജം | ● ശ്രീനാരായണധർമ്മപരിപാലനയോഗം |
| ● സമത്വസമാജം | ● ആത്മവിദ്യാസംഘം |
| ● സാധുജനപരിപാലന സംഘം | ● നായർ സർവ്വീസ് സൊസൈറ്റി |
| ● സഹോദരപ്രസ്ഥാനം | |

## പ്രവർത്തനം

1. മുകളിൽ തന്നിരിക്കുന്ന സാമൂഹികപരിഷ്കർത്താക്കളും പ്രസ്ഥാനങ്ങളും ശരിയായി പട്ടികപ്പെടുത്താം.

2. പ്രസ്തുത സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ സാമൂഹിക പരിഷ്കരണത്തിനായുള്ള സമരങ്ങൾക്ക് എത്രമാത്രം പ്രചോദനമേകി എന്നു കണ്ടെത്താം.

    1. ചാന്നാർ ലഹള
    2. അരുവിപ്പുറം പ്രതിഷ്ഠ
    3. വൈക്കം സത്യഗ്രഹം
    4. ഗുരുവായൂർ സത്യഗ്രഹം

ചുവടെ കൊടുത്തിരിക്കുന്ന വർഷങ്ങളെ അവയുമായി ബന്ധപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെടുത്താം

| **വർഷം** | **സംഭവങ്ങൾ** |
|---|---|
| 1859 | • ........................<br>• മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ നടത്തിയ പോരാട്ടം.<br>• ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്ക് അനുവദിക്കാൻ ഉത്രം തിരുനാൾ മഹാരാജാവ് നിർബന്ധിതനായി. |
| 1891 | • **മലയാളി മെമ്മോറിയൽ**<br>• തിരുവിതാംകൂറിൽ രാഷ്ട്രീയ പ്രക്ഷോഭത്തിന്റെ ആരംഭം കുറിച്ചു. ജി. പി.പിള്ളയുടെ നേതൃത്വം.<br>• സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യം<br>• പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം |
| 1924 | • **വൈക്കം സത്യഗ്രഹം**<br>• സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രക്ഷോഭം<br>• ടി.കെ. മാധവൻ നേതൃത്വം നൽകി.<br>• മന്നത്തു പത്മനാഭൻ ...................സംഘടിപ്പിച്ചു.<br>• ക്ഷേത്രത്തിന ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്രചെയ്യാൻ അവർണർക്ക് അനുവാദം ലഭിച്ചു. |
| 1931 | • **ഗുരുവായൂർ സത്യഗ്രഹം**<br>• ........................ നേതൃത്വം നൽകി<br>• എ.കെ.ഗോപാലൻ വളന്റിയർ ക്യാപ്റ്റൻ<br>• ഗുരുവായൂർക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം ആവശ്യപ്പെട്ടുള്ള സത്യഗ്രഹം<br>• 1936 നവംബർ 12-ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളമ്പരം |
| 1932 | • **നിവർത്തന പ്രക്ഷോഭം**<br>• ക്രിസ്ത്യൻ, മുസ്ലീം, ഈഴവ സമുദായക്കാർ നടത്തിയത്<br>• സർക്കാർ ഉദ്യോഗങ്ങളിലും, നിയമസഭയിലും, ജനസംഖ്യാനുപാതിക സംവരണം ആവശ്യം<br>• എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ് ................. എന്നിവർ നേതൃത്വം നൽകി. |

**സൂചന**

ചാന്നാർ ലഹള, സവർണ്ണ ജാഥ, കെ.കേളപ്പൻ, സി.കേശവൻ

### എഴുതാം; വിലയിരുത്താം

1. "ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപമാണ് ആറ്റിങ്ങൾ കലാപം'' ഈ പ്രസ്താവന സാധൂകരിക്കുക.
2. 'ബ്രിട്ടീഷ് ഭരണവും ഭൂബന്ധങ്ങളും - ഈ വിഷയത്തിൽ ഒരു കുറിപ്പ് തയ്യാറാക്കുക.
3. കേരള സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച വിവിധ ഘട്ടങ്ങൾ എന്തെല്ലാമായിരുന്നു എന്ന് കണ്ടെത്തുക.
4. 'ദേശീയ പ്രസ്ഥാനവും സ്ത്രീകളും" ഈ വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക

### പഠനനേട്ടം

ഐക്യകേരളം രൂപപ്പെട്ടുവന്ന സാഹചര്യം വിശകലനം ചെയ്യുന്നു.

### പ്രവർത്തനം

ഐക്യകേരളത്തിലേക്ക് നയിച്ച പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് പട്ടികപ്പെടുത്താം.

| വർഷം | സംഭവങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| 1920 | ● നാഗ്പൂർ കോൺഗ്രസ് സമ്മേളനം<br>● ഒറ്റപ്പാലം സമ്മേളനം | ● ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികളുടെ രൂപീകരണം<br>● |
| 1947 | ● | ● ഐക്യകേരള കൺവെൻഷൻ |

### ഒറ്റനോട്ടത്തിൽ

ഒന്നാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനം, 1921, തൃശൂർ, കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി, 1949, പയ്യന്നൂർ

### പ്രവർത്തനം

| | |
|---|---|
| ആന്ധ്ര കേസരി | ഇ.എം.എസ് നമ്പൂതിരിപ്പാട് |
| പയ്യന്നൂർ കോൺഗ്രസ്സ് സമ്മേളനം | ബാരിസ്റ്റർ ടി പ്രകാശം |
| ഐക്യകേരള കൺവെൻഷൻ | ജവഹർലാൽ നെഹ്റു |
| 'ഒന്നേകാൽ കോടി മലയാളികൾ' | കെ. കേളപ്പൻ |

## ഒറ്റനോട്ടത്തിൽ

| | | | |
|---|---|---|---|
| 1920 - | നാഗ്പൂർ സമ്മേളന തീരുമാനം | | - ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം |
| 1921 - | ഒറ്റപ്പാലം സമ്മേളനം | - ബാരിസ്റ്റർ ടി പ്രകാശം | - അധ്യക്ഷൻ (ആന്ധ്രാപ്രദേശ്) |
| 1947 - | തൃശൂർ സമ്മേളനം | - കെ.കേളപ്പൻ | - ഐക്യകേരള കൺവെൻഷൻ |
| 1949 - | തിരു-കൊച്ചി സംസ്ഥാന രൂപീകരണം | | |
| 1956 - | കേരള സംസ്ഥാന രൂപീകരണം | | |

ഒന്നേകാൽ കോടി മലയാളികൾ എന്ന ഗ്രന്ഥത്തിലൂടെ ഇ.എം.എസ് നമ്പൂതിരിപ്പാട് മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് ആശയം മുന്നോട്ട് വച്ചു.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണം നടക്കണമെന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന പുനഃസംഘടന കമ്മീഷനെ നിയോഗിച്ചു. ഡോ.ഫാസിൽ അലി ആയിരുന്നു അതിന്റെ ചെയർമാൻ

യൂണിറ്റ് 9



# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

ഒരു നിശ്ചിതപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടു കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം. ആ രാഷ്ട്രത്തെക്കുറിച്ച് പഠിക്കുന്ന സാമൂഹ്യശാസ്ത്രശാഖയാണ് രാഷ്ട്രതന്ത്രശാസ്ത്രം. രാഷ്ട്രത്തെ വിശകലനം ചെയ്യുകയും രാഷ്ട്രത്തിന്റെ ഘടകങ്ങൾ ചുമതലകൾ, രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ആവിർഭാവം, വളർച്ച,പഠനമേഖലകൾ തുടങ്ങിയവയാണ് ഈ യൂണിറ്റിലൂടെ വിനിമയം ചെയ്യുന്നത്.

## പഠനനേട്ടങ്ങൾ

- രാഷ്ട്രത്തെ നിർവചിക്കുന്നു.
- രാഷ്ട്രത്തിന്റെ ഘടകങ്ങൾ വിശദമാക്കുന്നു.

## പ്രവർത്തനം

- രാഷ്ട്രത്തിന്റെ ഘടകങ്ങൾ വിശദമാക്കുന്നു.

**രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ**

| ഭൂപ്രദേശം | ജനങ്ങൾ | ഗവൺമെന്റ് | പരമാധികാരം |
|---|---|---|---|
| • അതിരുകളോടു കൂടിയ ഭൂപ്രദേശം ആവശ്യമാണ് ജനങ്ങൾ | • രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഘടകമാണ് | • രാഷ്ട്രത്തിന്റെ ചുമതലകൾ നിർവഹിക്കുന്നു. | • പരമാധികാരം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രം ഉള്ളു |
| • | • | • | • |



## ഒറ്റനോട്ടത്തിൽ

- ഒരു പ്രദേശത്ത് ജനങ്ങൾ സ്ഥിരതാമസമായി അധിവസിച്ച് പരമാധികാര ഗവൺമെന്റ് സ്ഥാപിതമാകുമ്പോൾ രാഷ്ട്രം രൂപീകരിക്കപ്പെടുന്നു.

- ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതും ഗവൺമെന്റാണ്.
- മറ്റ് സ്ഥാപനങ്ങളിൽ നിന്നും രാഷ്ട്രത്തെ വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്.
- പരസ്പരധാരണ, പൊതുതാല്പര്യം എന്നിവ അടിസ്ഥാനമാക്കി ജീവിക്കുമ്പോഴാണ് രാഷ്ട്രം രൂപീകരിക്കപ്പെടുന്നത്.

## എഴുതാം; വിലയിരുത്താം

1. രാഷ്ട്രത്തിന്റെ ഘടകങ്ങൾ എഴുതുക.
2. രാഷ്ട്രത്തെ മറ്റ് സംഘടനകളിൽ വ്യത്യസ്തമാക്കുന്ന ഘടകമേത്?
3. രാഷ്ട്രത്തിന്റെ ഘടകങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## പഠനനേട്ടം

രാഷ്ട്രത്തിന്റെ ചുമതലകൾ പട്ടികപ്പെടുത്തുന്നു

പൗരന് മെച്ചപ്പെട്ട ജീവിതം നൽകലാണ് രാഷ്ട്രത്തിന്റെ പ്രധാന ചുമതല

## പ്രവർത്തനം

**പട്ടികപൂർത്തിയാക്കുക**

| നിർബന്ധിതമായ ചുമതലകൾ | വിവേചനപരമായ ചുമതലകൾ |
|---|---|
| • അതിർത്തി സംരക്ഷണം | • |
| • | • വിദ്യാഭ്യാസ സൗകര്യം ഒരുക്കുക |
| • | • |
| • നീതിനടപ്പാക്കൽ | • ഗതാഗത സൗകര്യം ഒരുക്കുക |

## ഒറ്റനോട്ടത്തിൽ

ആഭ്യന്തരസമാധാനം, ആരോഗ്യസംരക്ഷണം നൽകൽ, ക്ഷേമപദ്ധതികൾ നടപ്പാക്കുക, അവകാശസംരക്ഷണം.

## എഴുതാം; വിലയിരുത്താം

1. രാഷ്ട്രത്തിന്റെ നിർബന്ധിതമായ ചുമതലകൾ ഏതെല്ലാം?
2. രാഷ്ട്രത്തിന്റെ നിർബന്ധിതമായ ചുമതലകൾ വിവേചനപരമായ ചുമതലകളിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
3. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾക്ക് 2 ഉദാഹരണം എഴുതുക

## പഠനനേട്ടം

രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങളും അവയുടെ ആശയങ്ങളും പട്ടികപ്പെടുത്താം.

| സിദ്ധാന്തങ്ങൾ | ആശയങ്ങൾ |
|---|---|
| ദൈവദത്ത സിദ്ധാന്തം | • രാഷ്ട്രം ദൈവസൃഷ്ടിയാണ്<br>•<br>• |
| പരിണാമസിദ്ധാന്തം | • രാഷ്ട്രം ചരിത്രസൃഷ്ടിയാണ്<br>•<br>• |
| സാമൂഹിക ഉടമ്പടി സിദ്ധാന്തം | • ജനങ്ങൾ രൂപം നൽകിയ ഒരു കരാറിലൂടെ രാഷ്ട്രം നിലവിൽ വന്നു<br>•<br>• |
| ശക്തിസിദ്ധാന്തം | • |

## ഒറ്റനോട്ടത്തിൽ :

- മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാത്കരിക്കാൻ വേണ്ടി ജനങ്ങൾ രാഷ്ട്രത്തിന് രൂപം നൽകി.
- ദൈവത്തോട് മാത്രമേ രാജാവിന് കടപ്പാടുള്ളൂ.
- സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രാഷ്ട്രം രൂപം കൊണ്ടു.
- ശക്തരായവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകൃതമായി
- രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്

## എഴുതാം; വിലയിരുത്താം

1. രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സിദ്ധാന്തങ്ങൾ ഏതെല്ലാം?
2. രാഷ്ട്രരൂപീകരണസിദ്ധാന്തങ്ങളിൽ സാമൂഹിക ഉടമ്പടി സിദ്ധാന്തത്തിന്റെ പ്രസക്തി വ്യക്തമാക്കുക.

## പഠനനേട്ടങ്ങൾ

- പൗരത്വത്തെ നിർവചിക്കുന്നു.
- രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.

- ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം.
- രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പുനൽകുമ്പോൾ തന്നെ പൗരന് രാഷ്ട്രത്തോട് കടമകൾ ഉണ്ട്.

## പ്രവർത്തനം

**പൗരന്റെ അവകാശങ്ങൾ പട്ടികപ്പെടുത്താം**

- തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള അവകാശം
- വോട്ടുചെയ്യാനുള്ള അവകാശം
- സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം
- ഔദ്യോഗികസ്ഥാനങ്ങൾ വഹിക്കാനുള്ള അവകാശം
- ഗവൺമെന്റിനെ വിമർശിക്കാനുള്ള അവകാശം
- ഇന്ത്യൻ പ്രദേശത്തെവിടെയും താമസിക്കാനും സ്ഥിരവാസമുറപ്പിക്കാനുള്ള അവകാശം
-

## എഴുതാം; വിലയിരുത്താം

1. ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം വിശകലനം ചെയ്യുക
2. പൗരന്റെ അവകാശങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക.

## പഠനനേട്ടം

ആർജിതപൗരത്വവും സ്വാഭാവിക പൗരത്വവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു

പൗരത്വം

↓ സ്വാഭാവിക പൗരത്വം

↓ ജന്മനാലഭിക്കുന്ന പൗരത്വമാണ് സ്വാഭാവിക പൗരത്വം

↓ ആർജിത പൗരത്വം

ഒരു രാജ്യത്തു നിലവിലുള്ള നിയമാനുസൃത നടപടികൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജിത പൗരത്വം

↓ ആർജിതപൗരത്വം നേടിയ വ്യക്തികൾ

↓

- മദർതെരേസ
- സോണിയഗാന്ധി
- ലാറിബേക്കർ

### എഴുതാം; വിലയിരുത്താം

1. ആർജിത പൗരത്വം നേടിയ രണ്ട് വ്യക്തികളുടെ പേര് എഴുതുക. ഇത് എങ്ങനെ സ്വാഭാവിക പൗരത്വത്തിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

### പഠനനേട്ടം

രാഷ്ട്രതന്ത്രശാസ്ത്രത്തെ നിർവചിക്കുന്നു.

### പ്രവർത്തനം

**ഫ്ളോചാർട്ട് നിർമ്മാണം**

അരിസ്റ്റോട്ടിൽ

↓

പോളീസ് (നഗര രാഷ്ട്രം)

↓

പൊളിറ്റിക്സ് (രാഷ്ട്രത്തെക്കുറിച്ചുള്ള പഠനം)

↓

രാഷ്ട്രതന്ത്രശാസ്ത്രം വിവിധ പഠനമേഖലകൾ

↓

- പൊതുഭരണം
- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- താരതമ്യ രാഷ്ട്രീയം
- അന്തർദേശീയ രാഷ്ട്രീയം

### എഴുതാം; വിലയിരുത്താം

1. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പ്രധാന പഠനമേഖലകൾ എഴുതുക
2. എന്താണ് രാഷ്ട്രതന്ത്രശാസ്ത്രം.

### പഠനനേട്ടം

രാഷ്ട്രതന്ത്രശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

### പ്രവർത്തനം

രാഷ്ട്രതന്ത്രശാസ്ത്രപഠനത്തിന്റെ പ്രയോജനങ്ങൾ പട്ടികപ്പെടുത്താം

- ജനങ്ങളിൽ പൗരബോധം വളർത്താം
- സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളിൽ യുക്തിപൂർവ്വം ഇടപെടാൻ സഹായിക്കും
-
-
-

### എഴുതാം; വിലയിരുത്താം

1. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായ പഠനമേഖലകൾ എഴുതുക
2. പരമാധികാരത്തിന്റെ ആഭ്യന്തരബാഹ്യതലങ്ങൾ വിവരിക്കുക

3. രാഷ്ട്രത്തിന്റെ നിർബന്ധിതചുമതലകൾക്കും വിവേചനപരമായ ചുമതലകൾക്കും രണ്ട് ഉദാഹരണങ്ങൾ എഴുതുക.

4. A കോളത്തിനനുയോജ്യമായി B കോളം ക്രമീകരിക്കുക

| A | B |
|---|---|
| നിക്കോളോ മാക്യവല്ലി | രാഷ്ട്രതന്ത്രശാസ്ത്രം |
| അരിസ്റ്റോട്ടിൽ | രാഷ്ട്രം |
| ജർമി ബന്താം | പൗരന്റെ മെച്ചപ്പെട്ട ജീവിതം |
| പ്ലേറ്റോ | പൊതുനന്മ |

ജജ

യൂണിറ്റ് 10



# പൗരബോധം

മൂല്യങ്ങൾ, മനോഭാവങ്ങൾ മുതലായവ വളർത്തി കർത്തവ്യബോധമുള്ള പൗരനെ രൂപപ്പെടുത്തുന്നതിനുള്ള ബോധപൂർവമായ ഇടപെടലാണ് പൗരബോധം എന്ന അധ്യായം. പൗരബോധത്തിലൂടെ മാത്രമേ ജനാധിപത്യവും രാഷ്ട്രനിർമാണവും പൂർണമാകുകയുള്ളു. പൗരന്മാരുടെ സാമൂഹ്യബോധതലത്തിലുള്ള വികാസമാണ് പൗരബോധം. പൗരബോധം പൗരന്മാരെ അച്ചടക്കബോധമുള്ളവരും അർപ്പണ ബോധമുള്ളവരും ചുമതലബോധമുള്ളവരും സേവനസന്നദ്ധരുമാക്കുന്നു.

## പഠനനേട്ടം

- പൗരബോധം എന്ന ആശയത്തെ നിർവചിക്കുന്നു.
- പൗരബോധത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.

## പ്രവർത്തനം

പട്ടിക പൂർത്തിയാക്കാം.

ഉയർന്ന പൗരബോധം പ്രകടിപ്പിച്ച ഉത്തമ മാതൃകകൾ ആയ വ്യക്തികളെ തിരിച്ചറിയാം

| പ്രവർത്തനം | വ്യക്തികൾ |
|---|---|
| ● ജലചൂഷണത്തിന് എതിരെ സമരം നടത്തി | .● |
| ● പൊതുറോഡ് നിർമ്മിച്ചു. | .● |
| ● ഓറഞ്ച് കച്ചവടം നടത്തി. വിദ്യാലയം ആരംഭിച്ചു. | .● |
| ● 'മിഷനറീസ് ഓഫ് ചാരിറ്റി' എന്ന സ്ഥാപനം സ്ഥാപിച്ച് സാമൂഹ്യ സേവനം ചെയ്തു. | .● |

## ഒറ്റനോട്ടത്തിൽ

മയിലമ്മ, മദർതെരേസ, ഹജ്ജബ്ബ, ദശരഥ് മാഞ്ചി

ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാത്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.

## പ്രവർത്തനം

**പട്ടിക പൂർത്തിയാക്കാം.**

പൗരബോധമുള്ള വ്യക്തികളുടെ സവിശേഷതകൾ, പൗരബോധത്തിന്റെ പ്രാധാന്യം എന്നിവ പട്ടികയാക്കാം

| സവിശേഷതകൾ | പ്രാധാന്യം |
|---|---|
| ● മൂല്യബോധം | ● പരിസ്ഥിതി സംരക്ഷണം |
| ● ലക്ഷ്യബോധം | ● സാമൂഹ്യബോധം വളർത്തുക. |
| ● | ● |
| ● | ● |
| ● | ● |

## ഒറ്റനോട്ടത്തിൽ

- മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക
- നിസ്വാർത്ഥത
- പൊതുപ്രശ്നങ്ങളോടുള്ള ആത്മാർത്ഥത
- ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക
- തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും തടയുക
- ജനാധിപത്യം സംരക്ഷിക്കുക.

## എഴുതാം; വിലയിരുത്താം

1. ഉയർന്ന പൗരബോധം പ്രകടിപ്പിച്ച 2 വ്യക്തികളുടെ പേര് എഴുതി അവരുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.
2. പൗരബോധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

## പഠനനേട്ടം

പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു.

പൗരബോധം വളർത്തിയെടുക്കാൻ സഹായിക്കുന്ന ഘടകങ്ങൾ

- കുടുംബം
- വിദ്യാഭ്യാസം
- സംഘടനകൾ
- മാധ്യമങ്ങൾ
- ജനാധിപത്യ വ്യവസ്ഥ

## പ്രവർത്തനം

മേൽപ്പറഞ്ഞ ഘടകങ്ങൾ ഓരോന്നും പൗരബോധം വളർത്തിയെടുക്കുന്നതിൽ ചെലുത്തുന്ന സ്വാധീനം വ്യക്തമാക്കുക.

| | |
|---|---|
| കുടുംബം | കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു. |
| വിദ്യാഭ്യാസം | മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കും. |
| സംഘടനകൾ | സേവന സന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു. |
| മാധ്യമങ്ങൾ | വാർത്തകളും വിവരങ്ങളും എത്തിക്കുന്നതിലൂടെ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുന്നു. |
| ജനാധിപത്യം | ഒരു ഭരണക്രമം എന്നതിലുപരി ജീവിതശൈലിയാണ്. |



## ഒറ്റനോട്ടത്തിൽ

- ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധ്യം വളർത്തിയെടുക്കണം.
- പ്രചോദനവും പ്രോത്സാഹനവും നൽകി ഉന്നത പൗരബോധം വളർത്തും.
- പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.
- മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാം.
- പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തികളിൽ സൃഷ്ടിക്കുന്നു.
- മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം. ലഭിക്കുന്ന വിവരങ്ങൾ വിമർശനാത്മകമായി വിലയിരുത്തണം.
- മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്ന ബോധം വളർത്തുന്നു.
- സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കുന്നു.

## എഴുതാം; വിലയിരുത്താം

1. പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
2. കുടുംബം പൗരബോധരൂപീകരണത്തെ എങ്ങനെ സ്വാധീനിക്കുന്നു?
3. പൗരബോധം വളർത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസം, മാധ്യമങ്ങൾ എന്നിവ വഹിക്കുന്ന പങ്ക് വിശദമാക്കുക?

## പഠനനേട്ടം

പൗരബോധം വളർത്തിയെടുക്കാൻ സഹായിക്കുന്ന വിവിധ മാർഗങ്ങൾ വിശദീകരിക്കുന്നു.

## പ്രവർത്തനം

പൗരബോധം രൂപപ്പെടുത്തുന്നതിന് വിദ്യാലയങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പട്ടികാരൂപത്തിൽ എഴുതാം.

- ജൈവകൃഷി
- മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ
- ട്രാഫിക് ബോധവത്ക്കരണം
- ലഹരിവിരുദ്ധ പ്രവർത്തനം
- വിവിധ ക്ലബ്ബുകളിൽ പങ്കാളിയാകൽ
- സഹവാസക്യാമ്പ്
- ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ
- ഗൃഹസന്ദർശനം
- സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്യൽ
- ദിനാചരണങ്ങളും ദിനാഘോഷങ്ങളും

## എഴുതാം; വിലയിരുത്താം

1. പൗരബോധം രൂപപ്പെടുത്തുന്നതിൽ വിദ്യാലയത്തിന്റെ പങ്ക് വ്യക്തമാക്കുക.

## പഠനനേട്ടം

പൗരബോധവും ധാർമികതയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

നമ്മുടെ സമൂഹത്തിൽ നടക്കുന്ന വിവിധ സംഭവങ്ങളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു. അവയെ ധാർമിക പ്രവർത്തനങ്ങൾ/സംഭവങ്ങൾ, അധാർമിക പ്രവർത്തനങ്ങൾ, സംഭവങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്താം.

അഴിമതി നടത്തുന്നു, ജനങ്ങളുടെ വോട്ട് നേടി വിജയിക്കുന്നു, ജോലി ചെയ്ത് സമ്പാദിക്കുന്നു, പൊതുമുതൽ സംരക്ഷിക്കുന്നു, സഹജീവികളെ സഹായിക്കുന്നു, മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുന്നു, പൊതുമുതൽ നശിപ്പിക്കുന്നു, ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു, സഹജീവികളെ ദ്രോഹിക്കുന്നു, പൊതുമുതൽ സംരക്ഷിക്കുന്നു, അഴിമതിക്ക് കൂട്ടുനിൽക്കുന്നില്ല, തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിച്ച് വിജയിക്കുന്നു.

| **ധാർമ്മിക പ്രവർത്തനങ്ങൾ/ സംഭവങ്ങൾ** | **അധാർമ്മിക പ്രവർത്തനങ്ങൾ/ സംഭവങ്ങൾ** |
|---|---|
| ● | ● |
| ● | ● |
| ● | ● |
| ● | ● |

## എഴുതാം; വിലയിരുത്താം

1. പൗരബോധമുള്ള വ്യക്തിയെന്ന നിലയിൽ നിങ്ങൾ നടത്തുന്ന ധാർമിക പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുക?
2. ധാർമികത പൗരബോധരൂപീകരണത്തിൽ വഹിക്കുന്ന പങ്ക് വ്യക്തമാക്കുക?
3. അധാർമിക പ്രവർത്തനങ്ങൾ എങ്ങനെ പൗരബോധരൂപീകരണത്തിന് തടസമാകും?

## പഠനനേട്ടം

പൗരബോധം നേരിടുന്ന വെല്ലുവിളികൾ വിശകലനം ചെയ്യുന്നു.

## പ്രവർത്തനം

പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക.

- പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുക.
- 
- 
- 
- 

### ഒറ്റനോട്ടത്തിൽ

- അവരവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും പ്രാധാന്യം നൽകുക.
- മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നു തുടങ്ങുക.
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.

### എഴുതാം; വിലയിരുത്താം

1. പൗരബോധം രൂപപ്പെടുന്നതിൽ ഒരു വ്യക്തി നേരിടുന്ന വെല്ലുവിളികൾ എങ്ങനെ തരണം ചെയ്യാം?

### പഠനനേട്ടം

സാമൂഹ്യശാസ്ത്രപഠനത്തിൽ പൗരബോധം വഹിക്കുന്ന പങ്ക് വിശദമാക്കുന്നു.

### പ്രവർത്തനം

സാമൂഹ്യശാസ്ത്രം

സാമൂഹ്യശാസ്ത്രം → സമൂഹവുമായി ചേർന്നുനിൽക്കുന്ന പഠനമേഖല

സാമൂഹ്യശാസ്ത്രവും പൗരബോധവും →
- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു
- 
- 
- 

### ഒറ്റനോട്ടത്തിൽ

- പൗരത്വത്തിന്റെ ഉത്തമ മാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുന്നു.
- സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
- വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.

### എഴുതാം; വിലയിരുത്താം

1. സാമൂഹ്യശാസ്ത്രപഠനം എന്നാലെന്ത്?
2. സാമൂഹ്യശാസ്ത്രപഠനം പൗരബോധത്തിന്റെ വികാസത്തിന് സഹായകരമാകുന്നത് എങ്ങനെയെല്ലാമാണ്?

## എഴുതാം; വിലയിരുത്താം

1. പൗരബോധം എന്ന ആശയത്തെ നിർവചിക്കുക.
2. സാമൂഹ്യശാസ്ത്രപഠനം പൗരബോധത്തിന്റെ വികാസത്തിന് എങ്ങനെയെല്ലാം സഹായകരമാകുന്നു.
3. പൗരബോധം നേടിയെടുക്കുന്നതിൽ എന്തൊക്കെ വെല്ലുവിളികളാണുള്ളതെന്ന് വ്യക്തമാക്കുക?
4. പൗരബോധം വളർത്തിയെടുക്കുന്നതിൽ സംഘടനകൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കുക.
5. പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പൗരബോധം എങ്ങനെ സഹായിക്കുന്നു ?

ജ്ജ



യൂണിറ്റ് 11

# സമൂഹശാസ്ത്രം : എന്ത്? എന്തിന്?

സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും സമൂഹശാസ്ത്രത്തിലെ പഠന രീതികളായ സോഷ്യൽസർവേ, അഭിമുഖം, നിരീക്ഷണം, കേസ് ഡയറി എന്നിവയുടെ പ്രയോഗം തിരിച്ചറിയുന്നതിനും സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ മനസ്സിലാക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു യൂണിറ്റാണിത്.

## പഠനനേട്ടം

സർഗരചനയും സമൂഹശാസ്ത്രപഠനവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു.

## പ്രവർത്തനം

ഒരേ വിഷയം കൈകാര്യം ചെയ്യുന്ന ഒരു സാഹിത്യരൂപവും സാമൂഹ്യശാസ്ത്രപഠനവും തമ്മിൽ പ്രകടമായ ചില വ്യത്യാസങ്ങൾ ഉണ്ടെന്നാണ് എം.ടി.വാസുദേവൻ നായരുടെ 'നാലുകെട്ട്' എന്ന നോവലിന്റെ ഒരു ഭാഗവും റോബിൻ ജെഫ്രിയുടെ 'നായർ മേധാവിത്വത്തിന്റെ പതനം' എന്ന ഗ്രന്ഥത്തിന്റെ ഒരു ഭാഗവും വായിക്കുമ്പോൾ ബോധ്യപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സർഗരചനയും സാമൂഹ്യശാസ്ത്രപഠനവും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്താം.

## ഒറ്റനോട്ടത്തിൽ

| സർഗരചന | സമൂഹശാസ്ത്ര പഠനം |
|---|---|
| ● ഭാവന, സർഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു | ● സാമൂഹിക പ്രതിഭാസങ്ങൾ/ വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു. |
| ● | ● |
| ● | ● |
| ● | ● |

- സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മകമായി ആവിഷ്ക്കരിക്കുന്നു.
- സാമൂഹ്യ വ്യവസ്ഥകളെ കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു.
- ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു.

- സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു.
- ഭാവനാത്മകവും വൈകാരികവുമാണ്
- ഗവേഷണാത്മകവും യുക്തിസഹവുമാണ്

### എഴുതാം; വിലയിരുത്താം

- സർഗരചനയും സമൂഹശാസ്ത്രപഠനവും ഏതെല്ലാം രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തി എഴുതുക
- 'സാഹിത്യകാരന്റെ അനുഭവവും ഭാവനയും ഉൾച്ചേർന്നതാണ് സർഗരചനയായ സാഹിത്യം. എന്നാൽ വസ്തുനിഷ്ഠവും ശാസ്ത്രീയവുമാണ് സാമൂഹ്യശാസ്ത്രപഠനം'-വിശദമാക്കുക

### പഠനനേട്ടം

ആദ്യകാല സമൂഹശാസ്ത്രജ്ഞരുടെ സംഭാവനകൾ തിരിച്ചറിയുന്നു.

### പ്രവർത്തനം

സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ ചരിത്രസംഭവങ്ങളാണ് ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം, ഫ്രഞ്ച് വിപ്ലവം, വ്യവസായ വിപ്ലവം എന്നിവ. ചില സമൂഹശാസ്ത്രചിന്തകരുടെ പേരുകൾ ചുവടെ ചേർക്കുന്നു. അവയിൽ നിന്നും യുറോപ്യൻ ചിന്തകർ, ഇന്ത്യൻ ചിന്തകർ എന്നിങ്ങനെ വേർതിരിച്ചെഴുതാം.

- അഗസ്ത് കോംതെ
- ഹെർബർട്ട് സ്പെൻസർ
- കാൾമാക്സ്,
- എമൈൽ ദുർഖിം
- മാക്സ് വെബർ
- ജി.എസ്.ഘുര്യേ
- എ.ആർ.ദേശായി
- എസ്.സി.ദുബെ
- എം.എൻ ശ്രീനിവാസ്
- ഡി.പി.മുഖർജി

### പ്രവർത്തനം

ചുവടെ ചേർത്തിരിക്കുന്ന വസ്തുതകളെ ബന്ധപ്പെട്ട സമൂഹശാസ്ത്രചിന്തകരുടെ പേരിനു നേരെ എഴുതി പട്ടിക പൂർത്തിയാക്കുക

- ഫ്രഞ്ചുകാരനായ സമൂഹശാസ്ത്രചിന്തകൻ
- സമൂഹശാസ്ത്രപഠനത്തിന് അടിത്തറപാകി
- സമൂഹവുമായി ബന്ധപ്പെട്ട വിജ്ഞാനമേഖലയ്ക്ക് ആദ്യം സമൂഹിക ഭൗതികശാസ്ത്രമെന്നും പിന്നീട് സമൂഹശാസ്ത്രമെന്നും പേരു നൽകി.
- സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നു.
- ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തി
- ജീവശാസ്ത്രപരമായ പരിണാമംപോലെ മനുഷ്യസമൂഹവും വ്യത്യസ്തഘട്ടങ്ങളിലൂടെ പരിണമിച്ചുണ്ടായതാണ്.

### ഒറ്റനോട്ടത്തിൽ

അഗസ്ത് കോംതെ, ഹെർബർട്ട് സ്പെൻസർ

### എഴുതാം; വിലയിരുത്താം

- അഗസ്ത് കോംതെയെ സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നതെന്തുകൊണ്ട്?
- സമൂഹശാസ്ത്രത്തിന്റെ വളർച്ചയിൽ ഹെർബർട്ട് സ്പെൻസറുടെ സംഭാവനയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

### പഠനനേട്ടം

സമൂഹശാസ്ത്രത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാനും നിർവചിക്കാനും കഴിയുന്നു.

### പ്രവർത്തനം

'മനുഷ്യ ജീവിതത്തിന്റെ സാമൂഹ്യവശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം'. ഈ നിർവചനത്തിൽ നിന്ന് സമൂഹശാസ്ത്രത്തിൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളുന്നു എന്നു വ്യക്തമാക്കൂ.

### ഒറ്റനോട്ടത്തിൽ

- സമൂഹശാസ്ത്രം മനുഷ്യ ജീവിതത്തെക്കുറിച്ച് പഠിക്കുന്നു.
- മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്നു.
- സമൂഹത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണിത്

### എഴുതാം; വിലയിരുത്താം

- സമൂഹശാസ്ത്രം സമൂഹത്തെക്കുറിച്ചുള്ള സമഗ്രപഠനമാണ് - വ്യക്തമാക്കുക

### പ്രവർത്തനം

സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യവും ആവശ്യകതയും വെളിപ്പെടുത്തുന്ന ചില വസ്തുതകൾ ചുവടെ ചേർക്കുന്നു. ലിസ്റ്റ് പൂർത്തിയാക്കുക.

- സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.
- സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
- വ്യക്തിയും സാമൂഹ്യസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.

### ഒറ്റനോട്ടത്തിൽ

- സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
- സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.

### എഴുതാം; വിലയിരുത്താം

- സമൂഹത്തെക്കുറിച്ച് ശരിയായ ധാരണയുണ്ടാക്കാൻ സമൂഹശാസ്ത്രപഠനം സഹായിക്കുന്നു. സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്ന മറ്റു കാര്യങ്ങൾ വിശദമാക്കുക.

- സമൂഹശാസ്ത്രപഠനം സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് മാർഗദർശനമാകുന്നതെങ്ങ നെയെന്നു വെളിപ്പെടുത്തുക.

## പഠനനേട്ടങ്ങൾ

- സമൂഹശാസ്ത്രത്തിലെ പഠനം സോഷ്യൽ സർവേ, അഭിമുഖം, നിരീക്ഷണം, കേസ് സ്റ്റഡി എന്നിവയുടെ പ്രയോഗം തിരിച്ചറിയുന്നു.
- സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ വ്യക്തമാക്കുന്നു.

## പ്രവർത്തനം

സമൂഹശാസ്ത്രത്തിലെ പ്രധാനപഠനരീതികൾ സോഷ്യൽ സർവേ, അഭിമുഖം, നിരീക്ഷ ണം, കേസ് സ്റ്റഡി എന്നിവയാണ്. ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ ഏതുപഠനരീതി യുമായി ബന്ധപ്പെട്ടതാണെന്ന് തരംതിരിച്ച് എഴുതുക

- കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധ മായി രേഖപ്പെടുത്തുന്ന രീതി.
- അപൂർവ്വവും വേറിട്ടതുമായ സാമൂഹികപ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നത്.
- തെരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽ നിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാന ത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കുന്നത്.
- വ്യക്തിയുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യതുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുന്നതിനും വിശകലനം നടത്തുന്നത് ഉപയോഗിക്കുന്ന രീതി

| | |
|---|---|
| ● സോഷ്യൽ സർവേ | ● |
| ● അഭിമുഖം | ● |
| ● നിരീക്ഷണം | ● |
| ● കേസ് സ്റ്റഡി | ● |

## പ്രവർത്തനം

നിരീക്ഷണം എന്ന പഠനരീതിയെ പങ്കാളിത്ത നിരീക്ഷണം, പങ്കാളിത്ത രഹിതനിരീക്ഷണം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഇവ തമ്മിലുള്ള പ്രായോഗികമായ വ്യത്യാസങ്ങൾ എഴുതി പട്ടിക പൂർത്തിയാക്കുക.

| പങ്കാളിത്ത നിരീക്ഷണം | പങ്കാളിത്തരഹിതനിരീക്ഷണം |
|---|---|
| ● നിരീക്ഷകൻ പഠനമേഖലയിൽ നിന്നും നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതി | ● |
| ● | ● |
| ● | ● |
| ● | ● |

### ഒറ്റനോട്ടത്തിൽ

- സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ടുമനസ്സിലാക്കുന്ന രീതി.
- പ്രകടമല്ലാത്ത പെരുമാറ്റരീതികൾവരെ പഠനവിധേയമാക്കാൻ കഴിയുന്നു.
- സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല.

### എഴുതാം; വിലയിരുത്താം

- സാമൂഹ്യശാസ്ത്രപഠനരീതികൾ ഏതെല്ലാമെന്നു കണ്ടെത്തി എഴുതുക
- 'സാമൂഹികവിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണ് സർവേ' – വ്യക്തമാക്കുക.
- ഗവേഷകനും പ്രതികർത്താവും (പഠനവിധേയമാക്കുന്ന വ്യക്തി) തമ്മിലുള്ള സംഭാഷണം എന്ന നിലയിൽ അഭിമുഖം സമൂഹശാസ്ത്രപഠനത്തിന് എത്രത്തോളം അനുയോജ്യമാണെന്നു കുറിക്കുക.
- പങ്കാളിത്തനിരീക്ഷണം എന്ന പഠനരീതിയാണ് നരവംശശാസ്ത്രജ്ഞർ ഏറെ ഉപയോഗിക്കുന്നത്. എന്തുകൊണ്ട്?

### ഒറ്റനോട്ടത്തിൽ

- പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നു.
- അവരുടെ ദൈനംദിന ജീവിതത്തിന് പങ്കാളിയാവുന്നു.
- പ്രകടമല്ലാത്ത പെരുമാറ്റ രീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു.